ഒ.എസ്.എസ്.എ.ഇ. പ്രതിഭാസംഗമം പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു

കണ്ടനാട് (W) സൺഡേസ്കൂൾ അധ്യാപക പരിശീലന ക്ലാസ്സ് അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു

USA Yonkers സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപക യോഗത്തിൽ ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ് ക്ലാസ്സെടുക്കുന്നു

O.S.S.A.E.
ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

THE SUNDAY SCHOOL

Vol. 5 • No. 3 • July-September 2019 • FOR PRIVATE CIRCULATION ONLY



ജേതാവാം കുസ്തന്തീനോ– സാകാശത്തിൽ ദർശിച്ച
ജീവനെഴും സ്ലീബാ വിജയ– ത്തിൻ ചി– ഹ്നം തന്നെ'

കുന്നംകുളം
അധ്യാപക പരിശീലന
ക്ലാസ്സ്
പ. കാതോലിക്കാ ബാവാ
ഉദ്ഘാടനം ചെയ്യുന്നു

കൊല്ലം ഭദ്രാസന
അധ്യാപക പരിശീലന ക്ലാസ്സ്
അഭി. സഖറിയാ മോർ
അന്തോണിയോസ് തിരുമേനി
ഉദ്ഘാടനം ചെയ്യുന്നു

പെരിന്തൽമണ്ണ
അധ്യാപക പരിശീലന
ക്ലാസ്സ്
ശ്രീ. അജി വർഗീസ്
നയിക്കുന്നു

കോട്ടയം ഭദ്രാസന
ഓറിയന്റേഷൻ ക്ലാസ്സ്
എം. ഡി. സെമിനാരി
ഹയർ സെക്കണ്ടറി സ്കൂളിൽ
നടക്കുന്നു.

എറണാകുളം ഡിസ്ട്രിക്റ്റ് സഹപാഠ്യ മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടിയ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സൺഡേസ്കൂൾ ട്രോഫി ഏറ്റുവാങ്ങുന്നു.

അങ്കമാലി ഭദ്രാസന അധ്യാപക ഏകദിന സമ്മേളനം അഭി. യൂഹാനോൻ മാർ പോളികാർപ്പസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

സൺഡേസ്കൂൾ പന്ത്രണ്ടാം ക്ലാസ് വിജയികൾക്കൊരു മാതൃകാ പ്രോത്സാഹനം: ചെന്നിത്തല കോട്ടമുറി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽനിന്നും പന്ത്രണ്ടാം ക്ലാസ് പാസായ എല്ലാവർക്കും 'തിരുവചനഭാഷ്യം' മുഴുവൻ സെറ്റും സമ്മാനമായി നൽകി. കല്ലുവിളയിൽ റവ. ഫാ. കെ. ജെ. മത്തായിയുടെ നാമത്തിലുള്ള ഈ പ്രോത്സാഹന സമ്മാനം, വികാരി റവ. ഫാ. സിജു വർഗീസ് കോശി മാർച്ച് 10-ാം തീയതി വിതരണം ചെയ്തു.

കൊല്ലം ഭദ്രാസന ഓറിയന്റേഷൻ ക്ലാസ്സ് അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

THE SUNDAY SCHOOL
Vol. 5 • No. 3 • July- September 2019

താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
- ആദ്ധ്യക്ഷം
- പാഠപുസ്തകപഠനം (ക്ലാസ് 8)
  വടക്കേ രാജ്യത്തിന്റെ (ഇസ്രായേൽ) പതനം
  ഫാ. ഡോ. റെജി ഗീവർഗീസ്
- പാഠപുസ്തകപഠനം (ക്ലാസ് 9)
  ഫാ. ഏലിയാസ് കെ. വി.
- മാതൃകാ ലസ്സൺ പ്ലാൻ
  ആലീസ് കെ. വി.
- ബാലപംക്തി
  ഫാ. റ്റി. പി. കുര്യൻ തളിയച്ചിറ
- ഓർമ്മച്ചെപ്പിലെ സൺഡേസ്കൂൾ ദിനങ്ങൾ
  പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്
- കനൽക്കട്ട
  ജാൻസി മാത്യു, തൈക്കടവിൽ
- സൺഡേസ്കൂൾ വാർത്തകൾ
- ആരാധനാപഠനം

രക്ഷാധികാരി
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

പ്രസിഡന്റ്
ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. ഡോ. വർഗീസ് വർഗീസ്

പബ്ലീഷർ
പ്രൊഫ. ഡോ. ചെറിയാൻ തോമസ്

മാനേജിംഗ് എഡിറ്റർ
പ്രൊഫ. കെ. വി. ജോർജ്

എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. റ്റി. പി. കുര്യൻ
സന്തോഷ് ബേബി എ. കെ.
വി. എം. ജോൺ
ബാബു വർഗീസ്
ജോൺ കെ. മാത്യു

കേന്ദ്ര ഓഫീസ്
ദേവലോകം
കോട്ടയം–686 004
✆ 0481 2572890
thesundayschoolossae@gmail.com

An OSSAE Publication
Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com

എഡിറ്റോറിയൽ

സുറിയാനി പാരമ്പര്യത്തിൽ വി. സ്ലീബായുടെ പ്രാധാന്യം

__സെ__പ്റ്റംബർ 14-ാം തീയതി പ. സഭ സ്ലീബാ പെരുന്നാൾ ആഘോഷിക്കുന്നു. റോമൻ കത്തോലിക്ക സഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭയും പ്രാധാന്യത്തോടെ ഈ പെരുന്നാൾ ആചരിക്കുന്നു. എ. ഡി. 326-ൽ റോമൻ ചക്രവർത്തി കുസ്തന്തീനോസിന്റെ മാതാവ് ഹെലെനീ രാജ്ഞി യേശുക്രിസ്തുവിന്റെ കുരിശ് കണ്ടെടുത്തു എന്ന ചരിത്രസംഭവമാണ് ഈ പെരുന്നാളിലെ പ്രധാന സ്മരണ (event of commemoration). യെരുശലേമിൽ കുരിശ് കണ്ടെടുത്ത സ്ഥലത്ത് നിർമ്മിച്ച 'കർത്താവിന്റെ കബറിടം' (Church of the holy sepulchre) ദേവാലയത്തിന്റെ സമർപ്പണവും, എ. ഡി. 628-ൽ പേർഷ്യക്കാരിൽനിന്ന് യെരുശലേം വിമോചിപ്പിച്ച്, വി. കുരിശ് പുനഃസ്ഥാപിച്ചതിന്റെ സ്മരണയും പടിഞ്ഞാറൻ സഭകളിൽ ഈ പെരുന്നാളിനോടനുബന്ധിച്ച് നിർവഹിക്കുന്നു.

സുറിയാനി പാരമ്പര്യത്തിൽ ഈ പെരുന്നാളാഘോഷം പടിഞ്ഞാറൻ പാരമ്പര്യത്തിൽനിന്ന് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ സുറിയാനി പാരമ്പര്യത്തിൽ, ആരാധനാക്രമത്തിൽ പ്രാധാന്യം നൽകുന്ന ആശയങ്ങൾ പടിഞ്ഞാറൻ പാരമ്പര്യത്തിൽനിന്ന് വ്യത്യസ്തമാണ്. സുറിയാനി ആരാധനാ പാരമ്പര്യത്തിൽ സ്ലീബായുടെ അർത്ഥവും, വിശേഷണങ്ങളും, പഴയനിയമദൃഷ്ടാന്തങ്ങളും വിപുലവും മനോഹരങ്ങളുമാണ്. പ്രധാനമായും മൂന്ന് വിശദീകരണങ്ങൾ സ്ലീബാ പെരുന്നാളിന്റെ സന്ധ്യയുടെ പ്രാരംഭപ്രാർത്ഥനയിൽ നൽകുന്നു.

1. *സ്ലീബ – സമാധാനത്തിന്റെ അടയാളം*
2. *സ്ലീബ – വിജയത്തിന്റെ കൊടി*
3. *സ്ലീബ – രക്ഷയുടെ ആയുധം*

സ്ലീബാ പെരുന്നാളിന്റെ സന്ധ്യയുടെയും രാത്രിയുടെയും പ്രഭാതത്തിന്റെയും പ്രൊമിയോനുകളിലും സെദറാകളിലും ഈ ആശയങ്ങളുടെ വിപുലീകരണം, പഴയനിയമ ദൃഷ്ടാന്തങ്ങളുടെ സഹായത്താൽ വിവരിക്കുന്നു.

പാപംമൂലം പറുദീസ നഷ്ടപ്പെടുത്തിയ ആദ്യമനുഷ്യന് സ്ലീബായിലെ മരണം മൂലം യേശുക്രിസ്തു പറുദീസയിലേക്ക് പുനഃപ്രവേശനം സാധിതമാക്കി. മനുഷ്യവർഗ്ഗത്തിന് പാപപരിഹാരവും പറുദീസയിലേക്കുള്ള പുനഃപ്രവേശനവും, വീഴ്ചയിൽനിന്നുള്ള പുതുക്കവും, പുനഃസ്ഥാപനവും സ്ലീബായിലെ മരണത്താൽ യേശുക്രിസ്തു നൽകി. സ്ലീബാ പെരുന്നാളിലെ രാത്രിപ്രാർത്ഥനയുടെ പ്രൊമിയോനിൽ ഇപ്രകാരം പ്രതിപാദിക്കുന്നു, "നിന്റെ സ്ലീബായിലെ രക്തത്താൽ വാനവരെയും മൺമയരെയും തമ്മിൽ ചേർത്തു... നിന്റെ സ്ലീബായാൽ നാശത്തിൽ പതിച്ചിരുന്ന ഞങ്ങളുടെ വർഗ്ഗത്തെ മഹത്തരമാംവണ്ണം നീ പുതുക്കി..."

__'സ്ലീബ സജീവമാകുന്നു'__ എന്നത് സുറിയാനി പാരമ്പര്യത്തിലെ പ്രധാനപ്പെട്ട മറ്റൊരു ആശയമാണ്. "ജീവൻ നൽകുന്നതും ജീവിപ്പിക്കുന്നതുമായ" എന്ന വിശേഷണം റുശ്മാ നിർവഹിക്കുന്ന സമയത്ത് നൽകുന്നു. രാത്രിപ്രാർത്ഥനയുടെ സെദറായിൽ ഇപ്രകാരം പറയുന്നു, "കുരിശിന്മേലുള്ള നിന്റെ മരണത്താൽ സാത്താന്റെ ബന്ധനത്തിൽനിന്നും നിന്റെ സ്വരൂപത്തെ നീ ഉദ്ധരിച്ചു. നിന്റെ ശ്രേഷ്ഠതയിൻ സ്വരൂപി ആയിരുന്നവനെ നീ രക്ഷിച്ച് ശുദ്ധീകരിച്ച് സ്ലീബാ സജീവമെന്ന് കാണിച്ചു....."

വി. കുർബ്ബാനയും, വി. മാമ്മോദീസയും കുരിശിൽ, കുന്തത്താൽ കുത്തി തുറക്കപ്പെട്ട കർത്താവിന്റെ വിലാവിൽനിന്ന് ഉത്ഭവിച്ചു എന്ന ആശയം സുറിയാനി ആരാധനാ പാരമ്പര്യത്തിൽ നില

നിൽക്കുന്നു. വി. മാമ്മോദീസായുടെ ഉറവിടം എന്ന അർത്ഥത്തിൽ "സ്ലീബാ ജീവജലത്തിന്റെ ഉറവയാകുന്നു" എന്ന് വിവരിക്കുന്നു.

"മരം മൂലം മഹത്വത്തിന്റെ അങ്കി ഞങ്ങൾ ഉരിഞ്ഞു കളഞ്ഞു. സ്ലീബായാൽ നാശമില്ലാത്ത വസ്ത്രം വീണ്ടും ഞങ്ങൾ ധരിച്ചു..." എന്നുള്ള പ്രതിപാദനം ഈ ആശയം വ്യക്തമാക്കുന്നു.

എല്ലാ കൗദാശിക ക്രമീകരണങ്ങളിലും ജീവന്റെ മുദ്രണം (റുശ്മാ) ആയി വി. സ്ലീബ വരയ്ക്കുന്നു. സ്ലീബ സമാധാനത്തിന്റെ അടയാളവും, വിജയത്തിന്റെ കൊടിയും പിശാചുമായുള്ള പോരാട്ടത്തിൽ രക്ഷയുടെ ആയുധവുമാകുന്നു എന്നുള്ള ആശയങ്ങൾ സ്ലീബ റുശ്മായിലൂടെ ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനകളിൽ വി. സ്ലീബായുടെ രഹസ്യാത്മക അർത്ഥങ്ങൾ വിവരിക്കുന്ന പഴയനിയമ ദൃഷ്ടാന്തങ്ങൾ പിതാക്കന്മാർ വിവരിക്കുന്നു.

സ്ലീബായുടെ പ്രധാനപ്പെട്ട ദൃഷ്ടാന്തങ്ങൾ

1. *പറുദീസായുടെ മദ്ധ്യേ നടപ്പെട്ടിരുന്ന ജീവവൃക്ഷം.*
2. *മോറിയാമലയിൽ പിതാക്കന്മാരുടെ തലവനായ അബ്രഹാമിന് 'ആടിനെ' നല്കിയ മരം.*
3. *യാക്കോബ് ദർശനത്തിൽ കണ്ട സ്വർഗ്ഗത്തിലേയ്ക്ക് കയറുവാൻ സഹായിക്കുന്ന ഗോവണി (മരം).*
4. *യാക്കോബ് 'വരയും പുള്ളിയുമുള്ള' ആട്ടിൻകുട്ടികളെ ലഭിപ്പാൻ വെള്ളത്തിൽ ഇട്ട തോലുരിച്ച വൃക്ഷക്കൊമ്പുകൾ.*
5. *കായേന്റെ നെറ്റിയിലും, മിസ്രയീമ്യ അടിമത്ത കാലഘട്ടത്തിൽ എബ്രായക്കാരുടെ ഭവനങ്ങളുടെ കട്ടിളപ്പടിമേൽ വരച്ചതും, പ്രവാചകന്മാരായ യെരമ്യാവും, യെഹെസ്കേലും കണ്ട ദർശനങ്ങളിൽ ദൈവപുരുഷൻ, തെരഞ്ഞെടുക്കപ്പെട്ടവരുടെ നെറ്റികളിൽ പതിച്ച അടയാളങ്ങൾ (റുശ്മാകൾ).*
6. *നോഹയുടെ പെട്ടകത്തിന്റെ സഞ്ചാരഗതി.... (കിഴക്കുനിന്ന് പടിഞ്ഞാട്ടും ഇടത്തുനിന്ന് വലത്തോട്ടും)*
7. *യൗസേഫിന്റെ കുട്ടികളുടെ ശിരസ്സിൽ മാറ്റിവെച്ച കൈകൾ....*
8. *യാക്കോബ് യോർദ്ദാൻ കടന്നപ്പോൾ കൈയ്യിൽ പിടിച്ചിരുന്ന വടി.*
9. *മോശെ കൈയ്യിൽ വഹിച്ചിരുന്ന ഉണക്കവടി*
10. *മോശെ അമാലേക്യർക്കെതിരെ വടിയോടുകൂടി പർവ്വതത്തിൽ ഉയർത്തിപ്പിടിച്ച വടി.*
11. *മോശെ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പം.*

മേൽ പ്രസ്താവിച്ചിരിക്കുന്നതുപോലെയുള്ള അനേക പഴയനിയമ ദൃഷ്ടാന്തങ്ങളിലൂടെയായിരുന്നു വി. സ്ലീബായുടെ രഹസ്യാത്മക അർത്ഥം പിതാക്കന്മാർ വിവരിച്ചത്. (പ്രസ്തുത ദൃഷ്ടാന്തങ്ങളുടെ വേദഭാഗം വിശദീകരിച്ച് അർത്ഥം മനസ്സിലാക്കുന്നത് വിപുലമായ പഠനത്തിന് പ്രയോജനം ആയിരിക്കും).

"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (വി. മത്തായി 16:24) എന്നത് തന്റെ ക്രൂശീകരണത്തിനുമുമ്പ് യേശുക്രിസ്തു കുരിശിന്റെ മഹത്വത്തെക്കുറിച്ച് നൽകുന്ന വിശദീകരണമാണ്. കുരിശിനോടുള്ള ആദരവും ബഹുമാനവും അപ്പൊസ്തലിക കാലഘട്ടത്തിൽ തന്നെ വെളിവാകുന്നുണ്ട്. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്" (ഗലാ. 6:14) എന്ന് പൗലോസ് ശ്ലീഹാ പറയുന്നു.

***ദുഃഖവെള്ളിയാഴ്ച ആരാധനയുടെ പ്രത്യേക ക്രമം 'സ്ലീബാ വന്ദന'വിന്റേതാകുന്നു.** ഒമ്പതാം മണിയുടെ നമസ്കാരം വരെ തികച്ചതിനുശേഷം സ്ലീബാ വന്ദനവിന്റെ ക്രമം ആരംഭിക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷാകരമായ മരണവും കബറടക്കവും സ്മരിക്കപ്പെടുന്ന ദുഃഖവെള്ളിയാഴ്ച ആരാധനയിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ 'Liturgical Expression' (ആരാധനാപരമായ ആവിഷ്കാരം) ആരാധകരിൽ സംജാതമാകുന്നത് വി. സ്ലീബായിലൂടെയാണ്. അതുകൊണ്ടാണ് ശുശ്രൂഷയുടെ അവസാനഭാഗത്ത് 'ഞങ്ങളുടെ ആത്മത്തിന് ഇതിനാലെ രക്ഷയുണ്ടായി...." എന്ന പ്രാർത്ഥന ചൊല്ലി സ്ലീബായെ ചുംബിക്കുകയും തുടർന്ന് കബറടക്കശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നത്.*

'സ്ലീബാ ആരാധന' വിഗ്രഹാരാധനയായി ചില പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ആരോപിച്ചിരുന്നു. ഇന്ന് കാഴ്ചപ്പാടിന് വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു.

വിഗ്രഹവും ഐക്കണും തമ്മിലുള്ള വ്യത്യാസം വേദപുസ്തകം വ്യക്തമാക്കുന്നു.

ദൈവത്തിനു പകരമായി മനുഷ്യൻ ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതാണ് 'വിഗ്രഹം' പുറപ്പാട് പുസ്തകത്തിൽ (പുറ. 32:1-4) പ്രതിപാദിക്കുന്ന സ്വർണ്ണം കൊണ്ടുള്ള കാളകുട്ടി (The Golden Calf) വിഗ്രഹമായിരുന്നു. അഹറോൻ കാളകുട്ടിയെ ഉണ്ടാക്കി ദൈവത്തിനു പകരമായി (മറ്റൊരു ദൈവ മായി) പ്രതിഷ്ഠിച്ചു. പഴയനിയമത്തിൽ അധികം വിമർശിക്കപ്പെടുന്നത് ഇപ്രകാരമുള്ള വിഗ്രഹാരാധ നയെ ആണ്. രണ്ടാം കല്പന (പുറ. 20: 4, 5) "ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും, ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്." വിഗ്രഹാരാധനയ്ക്ക് എതിരെയുള്ള ശാസനയാകുന്നു.

ദൈവത്തിനു പകരമായി ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഏതും വിഗ്രഹമാണ്. വിഗ്രഹാ രാധനയ്ക്ക് കല്പന ലംഘനവുമാണ്. ആധുനിക കാലഘട്ടത്തിൽ പണവും, പ്രതാപവും ജോലിയും ആരോഗ്യവും തുടങ്ങിയ ഭൗതിക സുഖങ്ങളെ ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യർ പ്രതിഷ്ഠിക്കുന്നു. യഥാർത്ഥത്തിൽ കല്ലും മണ്ണും ലോഹവും കൊണ്ട് നിർമ്മിക്കുന്ന പ്രതിമകൾ മാത്രമല്ല; മനുഷ്യൻ അറിയാതെ ആശ്രയിക്കുന്ന ഭൗതിക നേട്ടങ്ങളും വിഗ്രഹാരാധനയിലേക്ക് നയിക്കുന്നു.

ദൈവത്തിങ്കലേക്ക് മനുഷ്യരെ സമീപിക്കുന്ന ഐക്കണുകൾ (images) വിഗ്രഹങ്ങളല്ല. കാരണം ഐക്കണുകൾ ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നവയല്ല; മറിച്ച് മനുഷ്യരെ ദൈവത്തിങ്കലേക്ക് നയിക്കുന്നവയാകുന്നു (Statues are objects placed instead of God; where as 'Icons' (images) are objects which leads the worshipers towards God).

രണ്ടാം കല്പനയിലൂടെ വിഗ്രഹാരാധനയെ ഉഗ്രമായി ശാസിക്കുന്ന യഹോവയാം ദൈവം സമാഗ മന കൂടാരത്തിന്റെ നിർമ്മാണത്തെക്കുറിച്ച് പുറപ്പാടു പുസ്തകത്തിൽ പ്രതിപാദിക്കുമ്പോൾ (പുറ. 25:17) തങ്കംകൊണ്ടുള്ള കൃപാസനം, പൊന്നുകൊണ്ട് നിർമ്മിക്കേണ്ടിയ രണ്ടു കെരൂബുകൾ (പുറ. 25:18-21), ഖദിരമരം കൊണ്ടുള്ള മേശ, തളിക, കരണ്ടികൾ (പുറ. 25:23-28); തങ്കം കൊണ്ടുള്ള നിലവിളക്ക് (പുറ. 25:31), തിരുനിവാസം, വിശേഷ വസ്ത്രങ്ങൾ (പുറ. 26:1-5), യാഗപീഠം, യാഗപീഠത്തിലെ പാത്രങ്ങൾ (പുറ. 27:1-8), പ്രാകാരവും മറശ്ശീലയും (27:8-15) തുടങ്ങി അനേക വസ്തുക്കൾ ദേവാലയത്തിൽ ഉണ്ടാ ക്കുവാൻ കല്പിക്കുന്നു.

യാഗപീഠവും, കെരൂബുകളും, നിലവിളക്കും, കാഴ്ചയപ്പവും, കൊത്തുപണിയുള്ള മേശയും, തിരശ്ശീ ലയും, ദേവാലയത്തിലെ കൊത്തുപണികളായ വിടർന്ന പുഷ്പവും, ഈന്തപ്പനയും, കെരൂബുകളും ഒന്നും വിഗ്രഹമായിരുന്നില്ല; മറിച്ച് ദൈവസാന്നിധ്യത്തിലേക്ക് ആരാധകരായ മനുഷ്യരെ നയിച്ച 'ഐക്കണുകൾ' ആയിരുന്നു.

മോശ പാളയത്തിന്റെ നടുവിൽ ദൈവകല്പന പ്രകാരം ഉയർത്തിയ 'താമ്രസർപ്പവും' (സംഖ്യ. 21:8-9) വിഗ്രഹമല്ലായിരുന്നു. രക്ഷയിലേക്ക് നയിച്ച 'ഐക്കൺ' (images) ആയിരുന്നു. രക്ഷയുടെ ആയു ധമായി പുതിയനിയമം പഠിപ്പിക്കുന്ന വി. സ്ലീബായുടെ പഴയനിയമത്തിലെ മാതൃകയും വി. സ്ലീബായെ സൂചിപ്പിക്കുന്ന രഹസ്യങ്ങളിൽ (റോസോ) ഒന്നായും പിതാക്കന്മാർ 'താമ്രസർപ്പത്തെ' വ്യാഖ്യാനിക്കുന്നു.

പ്രസ്തുത വിവരണങ്ങളിൽനിന്ന് സുറിയാനി സഭാപാരമ്പര്യം വി. സ്ലീബായ്ക്കും പ്രത്യേകിച്ച് സ്ലീബാ പെരുന്നാളിനും നൽകുന്ന പ്രാധാന്യം മനസ്സിലാക്കാം. സ്ലീബാ ആരാധനയിലൂടെ, യേശുക്രിസ്തുവിന്റെ രക്ഷാകരമായ കഷ്ടാനുഭവവും മരണത്തിന്മേലും സാത്താന്റെ ശക്തിയുടെമേലും ഉണ്ടായ വിജയ മാണ് നാം അനുഭവകരമാക്കേണ്ടിയതും അനുധാവനം ചെയ്യേണ്ടിയതും.

കുരിശ് 'കൃഷി'യായി അധഃപതിക്കുന്ന ഇന്നിന്റെ പ്രവണതകളും വിമർശനവിധേയമാക്കേണ്ടിയതാണ്. കുസ്തന്തീനോസ് ചക്രവർത്തി കുരിശടയാളം മുഖാന്തിരം യുദ്ധത്തിൽ ജയിച്ചു എന്ന ഇതിഹാസം 'കുരിശ്' അധിനിവേശത്തിന്റെ അടയാളമായി അധഃപതിക്കുവാൻ ചരിത്രത്തിൽ ഇടയായിട്ടുണ്ട്. കുരിശു യുദ്ധങ്ങളും നിർബന്ധിത മതപരിവർത്തനവുമെല്ലാം യഥാർത്ഥത്തിൽ കുരിശിന്റെ മഹത്വം നഷ്ടപ്പെടു ത്തുന്നവയായിരുന്നു എന്ന് മനസ്സിലാക്കണം. ജീവൻ നൽകുന്നതും ജീവിപ്പിക്കുന്നതുമായ വി. സ്ലീബാ ദൈവരാജ്യത്തിൽ സമാധാനത്തിന്റെ അടയാളവും പിശാചിനെതിരെയുള്ള പോരാട്ടത്തിൽ രക്ഷയുടെ ആയുധവും ആത്മിക പോരാട്ടത്തിൽ വിജയത്തിന്റെ കൊടിയുമായി ഭവിക്കട്ടെ!

ഫാ. ഡോ. വർഗീസ് വർഗീസ്
ഡയറക്ടർ ജനറൽ

ആദ്ധ്യക്ഷ്യം

കൗമ പ്രാർത്ഥനയുടെ വേദാടിസ്ഥാനം

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്ത

ആമുഖം

നമ്മുടെ സഭയുടെ ആരാധന വേദശകലങ്ങൾകൊണ്ടും വേദസൂചനകൾകൊണ്ടും പൂരിതമായിരിക്കുന്നു. ഇക്കാരണത്താൽതന്നെ സുറിയാനി ആരാധനാ പാരമ്പര്യം ലോകത്തിലെ മറ്റെല്ലാ ക്രിസ്തീയ ആരാധനകളെ ക്കാളും ശ്രേഷ്ഠമായി പരിഗണിക്കപ്പെടുന്നു. ഇതിന് ഒരു ഉത്തമോദാഹരണമാണ് കൗമ പ്രാർത്ഥന. കൗമ പ്രാർത്ഥനയ്ക്ക് പ്രാരംഭം, കൗമ, മധ്യസ്ഥപ്രാർത്ഥന എന്നിങ്ങനെ മൂന്ന് ഭാഗങ്ങളുണ്ട്. ഇവ മൂന്നും ചേർന്നാൽ അതിൽ തന്നെ പ്രാർത്ഥനയുടെ പൂർണ്ണതയുണ്ടെന്ന് കാണാം. കൗമ എന്നാൽ 'നില' എന്നർത്ഥം. കൗമയിൽ ആരംഭിച്ച് കൗമയിൽ അവസാനിക്കുന്ന പ്രാർത്ഥന യാമപ്രാർത്ഥനയാവുന്നു. സന്ധ്യ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി, ഒൻപതാംമണി എന്നിങ്ങനെ ഏഴ് യാമനമസ്കാരങ്ങൾ ഉണ്ടെല്ലോ. രാത്രി നമസ്കാ രത്തിൽ നാല് ചെറു കൗമകൾ ഉൾക്കൊള്ളുന്നു. ഇവ കൂടാതെ ശയനനമസ്കാരവും ഉണ്ട്. പേർത്തും പേർത്തും ശിരസ്സ് നമിച്ചും സാഷ്ടാംഗം പ്രണമിച്ചും കൊണ്ടുള്ള അർത്ഥനകളും നമസ്കാരങ്ങളും വേദശകലങ്ങളും സൂചനകളുംകൊണ്ട് സമ്പുഷ്ടമാവുന്നു. ഇവ ശരീരത്തേയും മനസിനേയും ഒരേസമയം സംശുദ്ധീകരിക്കാനു തകുന്നതായും ഭവിക്കുന്നു. ഇനിയും കൗമ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന വേദസ്വാധീനം പരിശോധിക്കാം.

1. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവത്തിന് സ്തുതിയർപ്പിച്ചുകൊണ്ട് കാർമ്മികൻ കൗമാ ആരംഭിക്കുന്നു. "നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന് ജനം പ്രതിവാക്യ മായി ചൊല്ലുന്നു. അടുത്തതായി കാർമ്മികൻ ചൊല്ലുന്ന സ്തുതിവാക്യം യശയ്യാപ്രവചനം 6:3 ൽ കാണുന്ന സെറാഫുകളുടെ സ്തുതിയും മത്തായി 21 :9; മർക്കോ.11:10 എന്നീ സുവിശേഷഭാഗങ്ങളിൽ ജനം യേശു തമ്പുരാനെ യറുശലേമിലേക്ക് സ്വീകരിച്ച് ആനയിക്കുമ്പോൾ ചൊല്ലുന്ന സ്തുതിപ്പിൽനിന്നുള്ള അവസാ നഭാഗവും ചേർത്തുണ്ടാക്കി എടുത്തിരിക്കുന്നു. ഈ സ്തുതിവാക്യം എം ഒ സി പ്രസിദ്ധീകരിച്ചിരിക്കുന്ന വിശുദ്ധ കുർബ്ബാനക്രമത്തിൽ കൊടുത്തിരിക്കുന്ന പ്രകാരം ഉദ്ധരിക്കുന്നു. "ആകാശവും ഭൂമിയും തന്റെ സ്തുതികളാൽ നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. ഉയരങ്ങളിൽ സ്തുതി". ഈ സ്തുതിപ്പിലെ പരിഭാഷാപരമായ ചില വസ്തുതകൾ താഴെകുറിക്കുന്നു.

   (i) "ആകാശം" എന്നതിന് എം ഒ സി തന്നെ പ്രസിദ്ധീകരിച്ചിരിക്കുന്ന ശ്ഹീമാ നമസ്ക്കാരത്തിൽ "സ്വർഗ്ഗം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. സ്വർഗ്ഗം എന്ന വാക്കാണ് കൂടുതൽ ഉചിതം. കാരണം 'ശ്മായോ' എന്ന സുറിയാനി പദത്തിന് (ഹെവൻ എന്ന ഇംഗ്ലീഷ് പദത്തിനെന്നപോലെ) ആകാശം എന്നും സ്വർഗ്ഗം എന്നും മലയാളത്തിൽ വിവർത്തനം ചെയ്യാം: എന്നാൽ ആകാശം എന്ന മലയാളവാക്കിന് സ്വർഗ്ഗം എന്ന അർത്ഥം ഇല്ല. ആയതിനാൽ "ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ" എന്നതിനു പകരം "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന് പരിഭാഷ മാറ്റിയ പ്രകാരം "സ്വർഗ്ഗവും ഭൂമിയും ......" എന്ന് വിശുദ്ധ കുർബ്ബാനക്രമത്തിലും മറ്റ് നമസ്ക്കാരക്രമങ്ങളിലും മാറ്റംവരുത്തേണ്ടതാകുന്നു. സ്വർഗ്ഗം ഒരു സ്ഥലകാല സങ്കല്പമല്ലതാനും.

   (ii) സ്വർഗ്ഗം എന്ന പദം തന്നെ സെറാഫുകളുടെ സ്തുതിപ്പിനോട് സഭ പിന്നീട് കൂട്ടിച്ചേർത്തതാണെന്നും ഇവിടെ സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ള നിരവധി പാഠഭേദങ്ങൾ ആരാധനയിൽ സഭ ഉപയോഗിക്കു ന്നുണ്ട് എന്നും ഓർക്കാം.

(iii) ''തന്റെ സ്തുതികളാൽ'' എന്നതിന് ശ്ഹീമോ നമസ്കാരത്തിൽ ''തന്റെ മഹത്വം കൊണ്ട്'' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു. രണ്ടും സുറിയാനി മൂലത്തിലുള്ള തെശുബ്ബു ഹത്തോ- തെശ്ബ ഹോതെ എന്ന് ബഹുവചനം - എന്നതിന്റെ മലയാള തത്സമമാകുന്നു. എബ്രായമൂലത്തിൽ നിന്നുള്ള മലയാള പരിഭാഷയായ സത്യവേദപുസ്തകത്തിലും 'മഹത്വം' എന്ന മലയാള തത്സമം കാണാം. എബ്രായമൂലത്തിൽ കാബോദ് എന്ന് ഉപയോഗിച്ചിരിക്കുന്നു. ഇത് സ്തുതി, മഹത്വം, തേജസ് എന്നിങ്ങനെ സന്ദർഭോചിതം വിവർത്തനം ചെയ്യാം. തേജസ് എന്ന മലയാള വാക്കിന് സുറിയാനിയിൽ തത്സമം ഇല്ല. ഇംഗ്ലീഷിലാകട്ടെ ഗ്ലോറി എന്ന വാക്കേയുള്ളു. യെശ. 6:3ൽ സന്ദർഭം കണക്കിലെടുത്ത് കാബോദ് എന്ന എബ്രായ പദം തേജസ് എന്ന് വിവർത്തനം ചെയ്യണം. അക്കാരണത്താൽ കൗമയിൽ കൊടുത്തിരിക്കുന്ന സ്തുതി വാക്യത്തിൽ സ്തുതി, മഹത്വം എന്നീ വാക്കുകൾക്കുപകരം തേജസ് എന്ന പരിഭാഷ കൊടുക്കേണ്ടതാകുന്നു.

(iv) ''ബലവാനായ ദൈവം തമ്പുരാൻ'' എന്ന പ്രയോഗം സുറിയാനി മുലത്തിൽനിന്നുള്ള ശരി പരിഭാഷ തന്നെ. എന്നാൽ മലയാള സത്യവേദപുസ്തകത്തിൽ ''സൈന്യങ്ങളുടെ യഹോവ'' എന്ന് എബ്രായ ഭാഷയിൽ നിന്ന് വിവർത്തനം ചെയ്തിരിക്കുന്നു. 'യഹോവ' എന്ന വാക്ക് ഗ്രീക്ക് സെപ്റ്റ്വജിന്റിലും സുറിയാനി പെശീത്തയിലും ഇംഗ്ലീഷ് വിവർത്തനങ്ങളിലും കർത്താവ് (കുറിയോസ് = മൊറിയോ = ലോർഡ് = കർത്താവ് = തമ്പുരാൻ) എന്ന് പകരം പ്രയോഗിച്ചിരിക്കുന്നു. പഠനവിധേയമായ സ്തുതി വാക്യത്തിലും പ്രതിവാക്യത്തിലും മൊറിയോ ആലോഹോ എന്ന സുറിയാനി പ്രയോഗത്തിന് ദൈവം തമ്പുരാൻ, ദൈവമായ കർത്താവ് എന്നിങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഇവിടെയെല്ലാം യഹോവയായ ദൈവം എന്ന് അർത്ഥമാകുന്നു. മൊറിയോ (കുറിയോസ് എന്ന് പുതിയ നിയമ ഗ്രീക്കിൽ) എന്ന പദം യേശുവിനെ സൂചിപ്പിച്ചും ഉപയോഗിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ മോറാൻ യേശു മശിഹാ എന്നാവും സുറിയാനി ആരാധനയിൽ ഉപയോഗിക്കുക.

(v) ''ഉയരങ്ങളിൽ സ്തുതി '' എന്ന വിവർത്തനം വിശുദ്ധ കുർബ്ബാനക്രമത്തിലും ശ്ഹീമോ നമസ്ക്കാരത്തിലും കൊടുത്തിരിക്കുന്നു. സ്തുതി എന്ന പദത്തിന് സുറിയാനിയിലും പുതിയനിയമ മൂലഭാഷയിലും ഹോശന്ന എന്നുതന്നെയാണ്. പഴയ കുർബ്ബാനക്രമത്തിലും നമസ്ക്കാരക്രമങ്ങളിലും ഹോശന്ന എന്നായിരുന്നു. എന്തുകൊണ്ട് ഇതിനു മാറ്റം വരുത്തി എന്നു നിശ്ചയമില്ല. ഒരു കാരണം ഹോശന്ന എന്ന പദം കാലക്രമത്തിൽ ഒരു പുകഴ്ച്ചാ വാക്കായി പരിണമിച്ചു. ഇക്കാരണത്താൽ സ്തുതി എന്ന പകരവാക്ക് ഉപയോഗിച്ചു. എന്നാൽ ഹോശന്ന എന്നതിന്റെ അർത്ഥവ്യാപ്തിയും ദൈവശാസ്ത്രപരവും ചരിത്രപരവുമായ സൂചനകളും ഈ പകരം വക്കലിലൂടെ നഷ്ടമാവുന്നു എന്നത് ചെറുതായി കണ്ടുകൂടാ.

(vi) **ഹോശന്ന = ഊശാന**: ഹോശന്ന എന്ന് ഗ്രീക്കിലും ഊശാനോ എന്ന സുറിയാനിയിലും ഉപയോഗിച്ചിരിക്കുന്ന വാക്ക് **ഹോശിയാ നാ** ''യഹോവേ ഞങ്ങളെ രക്ഷിക്കേണമേ'' എന്നർത്ഥം വരുന്ന എബ്രായ പ്രയോഗത്തിൽനിന്നും വന്നിട്ടുള്ളതത്രെ. ദൈവത്തിന്റെ അഭിഷിക്തനായ രാജാവ് ജനത്തിന്റെ അടുക്കലേക്ക് വരുമ്പോൾ ദൈവജനം രാജാവിനെ സ്വീകരിച്ചുകൊണ്ട് ചൊല്ലുന്ന സ്തുതിവാക്യമാണിത്. ദൈവജനം അഭിമുഖീകരിക്കുന്ന വേദനകളിൽനിന്നും വിപത്തുകളിൽനിന്നും വിടുതൽ നൽകണമെന്നുള്ള നിലവിളിയായും ഈ വാക്യത്തെ കാണണം. യേശുതമ്പുരാന്റെ കാലത്തെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പശ്ചാത്തലം അടിമത്വത്തിന്റെയും അടിച്ചമർത്തലിന്റേയും ചൂഷണത്തിന്റെയും ആയിരുന്നുവെല്ലോ. സ്വർഗ്ഗത്തിലെ ദൂതൻമാരും ഭൂമിയിലുള്ളവരോടൊപ്പം 'കർത്താവേ രക്ഷിക്കണമെ' എന്ന നിലവിളിയിൽ പങ്കുകൊള്ളുന്നു എന്നർത്ഥത്തിൽ 'ഉയരങ്ങളിൽ ഊശാന' എന്ന് ചൊല്ലുന്നു. ഇങ്ങനെ ഒരേസമയം, ദൈവമക്കളുടെ വിടുതലിനായുള്ള നിലവിളിയും, ഇതിനായി ദൈവം അയക്കുന്ന രക്ഷകനെ സ്വീകരിക്കുന്ന പുകഴ്ചാഗീതവും, ഭൗമീകരുടെ ഈ നിലവിളിയിൽ ഉയരങ്ങളിലെ ദൈവദൂതരുടെ പങ്കുചേരലും, ''ഉയരങ്ങളിൽ ഊശാന'' എന്ന ആർപ്പിൽ അടങ്ങിയിരിക്കുന്നു.

മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കൗമയുടെ പ്രാരംഭത്തിൽ കാർമ്മികൻ ചൊല്ലുന്ന സ്തുതി വാക്യം ഇങ്ങനെയായിരിക്കണം, ''സ്വർഗ്ഗവും ഭൂമിയും തന്റെ തേജസ്സാൽ നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഉയരങ്ങളിൽ ഊശാന''.

(തുടരും...)

പാഠപുസ്തക പഠനം

ക്ലാസ് 8,
വടക്കേ രാജ്യത്തിന്റെ (ഇസ്രായേൽ) പതനം

ഫാ. ഡോ. റെജി ഗീവർഗ്ഗീസ്

യിസ്രായേൽ എന്ന ഏകരാജ്യം ശൗൽ, ദാവീദ്, ശലോമോൻ എന്നീ രാജാക്കന്മാരുടെ ഭരണശേഷം യിസ്രായേൽ എന്നും യഹൂദാ എന്നും രണ്ട് രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പത്ത് ഗോത്രങ്ങൾ ചേർന്ന് യിസ്രായേൽ എന്ന രാജ്യം രൂപീകൃതമായി. ഭൂപ്രകൃതി അനുസരിച്ച് വടക്കേ രാജ്യമായ അതിന്റെ ആസ്ഥാനം ശമര്യയായിരുന്നു. യിസ്രായേൽ രാജ്യം അശ്ശൂരിന് കീഴ്പ്പെടുന്നതുവരെ 19 രാജാക്കന്മാർ അതിനെ ഭരിച്ചിരുന്നു. 1 രാജാക്കന്മാർ 12 മുതൽ 2 രാജാക്കന്മാർ 17:41 വരെ ഈ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ചില രാജാക്കന്മാരെക്കുറിച്ചുള്ള പഠനമാണ് ഈ ലേഖനം.

1. യൊരോബെയാം (ബി. സി. 922–901; 1 രാജാക്കന്മാർ 12:25–14:20)

യിസ്രായേൽ എന്ന വടക്കേരാജ്യത്തിന്റെ ആദ്യത്തെ രാജാവാണ് യൊരോബെയാം ഒന്നാമൻ (ബി. സി. 922–901). പത്ത് ഗോത്രങ്ങളുടെ പിൻതുണ അദ്ദേഹത്തിന് ലഭിച്ചു. ഭരണസംവിധാനത്തിൽ ആരാധനാലയങ്ങൾ പണിയുന്നത് രാജധർമ്മമാണ്. പുതുതായി രൂപീകൃതമായ രാജ്യത്തിന് ഒരു തലസ്ഥാനവും, ആരാധനാ കേന്ദ്രങ്ങളുമൊരുക്കുക എന്നത് യൊരൊബെയാമിന്റെ ചുമതലയായിരുന്നു. യൊരോബെയാം ആദ്യം ശേഖേമിനെയാണ് തലസ്ഥാനമായി തിരഞ്ഞെടുത്തത് (1 രാജക്കന്മാർ 12:25). അദ്ദേഹം ശേഖേം തിരഞ്ഞെടുക്കുന്നതിന് പ്രത്യേക കാരണങ്ങൾ ഉണ്ടായിരുന്നു. അത് പുതിയ രാജ്യത്തിന്റെ കേന്ദ്രഭാഗത്താണ് സ്ഥിതിചെയ്യുന്നത്. കൂടാതെ പുരാതന ആരാധനാ കേന്ദ്രങ്ങളുമവിടെയുണ്ടായിരുന്നു. കനാന്യരും–യഹൂദരും അടങ്ങുന്ന അവിടുത്തെ സമൂഹത്തിന് മനശ്ശെയുടെ ഗോത്രവുമായി ബന്ധമുണ്ട്. കൂടാതെ യഹൂദേതരുടെ സഹായവും ലഭിക്കും. ശേഖേമിൽ നിന്ന് തലസ്ഥാനം പിന്നീട് തിർസായിലേക്ക് മാറ്റി. ഒമ്റിയുടെ കാലംവരെ അതു തുടർന്നു.

യെരുശലേമിന് ബദലായി ഒരു ആരാധനാ സമ്പ്രദായം ഉണ്ടാക്കിയത് യൊരോബെയാമാണ് (1 രാജക്കന്മാർ 12:26–33). യെരുശലേം ദൈവാലയത്തിന്റെ പുനർനിർമ്മാണത്തിൽ സഹകരിച്ച് നേർച്ചകാഴ്ചകൾ അർപ്പിക്കുന്നത് തുടർന്നാൽ തന്നോടും രാജ്യത്തോടും കൂറും സ്നേഹവും കുറയുമെന്ന് മനസിലാക്കിയാണ് പുതിയ രണ്ട് ആരാധനാ കേന്ദ്രങ്ങൾ ആരംഭിച്ചത്. യെരുശലേമിനെ ആരാധാന കേന്ദ്രമാക്കി നില നിർത്തിയാൽ അതു ദാവീദ് ഗൃഹത്തോടുള്ള യഹോവയുടെ ഉടമ്പടിക്കു ശക്തി പകരുമെന്നും രാജാവ് മനസിലാക്കി. അങ്ങനെയാണ് ബഥേലും ദാനും ആരാധനാ കേന്ദ്രമാക്കിയത് (1 രാജാക്കന്മാർ 12:27–29). അവിടെ സ്വർണ്ണകാളക്കുട്ടികളെ പ്രതിഷ്ഠിച്ച് ആരാധനാ സൗകര്യമൊരുക്കി, വിഗ്രഹാരാധനക്കു വഴിയൊരുക്കി (1 രാജാ. 12:26–32). ന്യായപ്രമാണ വഴികളെവിട്ട് ജനം ജീവിക്കുവാൻ തുടങ്ങി. വലിയ ജനസംഖ്യയുള്ളതും വാണിജ്യവ്യവസായങ്ങളാൽ സമൃദ്ധവുമായിരുന്ന രാജ്യത്തിന്റെ സുസ്ഥിരമായ നിലനിൽപ് അമിത സ്വാതന്ത്ര്യത്താൽ നഷ്ടമായി. ലേവ്യ ഗോത്രത്തിൽ നിന്ന് പുരോഹിതരെ തിരഞ്ഞെടുക്കുന്ന പാരമ്പര്യത്തിനു വിരുദ്ധമായി രാജാവിന്റെ ഇഷ്ടരെ പുരോഹിതരാക്കി നിയമിച്ചു. രാജാവ് തന്നെ വിഗ്രഹങ്ങൾക്ക് ധൂപമർപ്പിച്ച് ന്യായപ്രമാണ ലംഘനം നടത്തി. രാജാവിന്റെ ഈ പ്രവർത്തി ദൈവത്തിന് അനിഷ്ടമായിത്തീർന്നു.

യഹോവയ്ക്ക് അനിഷ്ടമായതു പ്രവർത്തിച്ചതുകൊണ്ട് യെരോബയാമിനെക്കുറിച്ച് പിൽക്കാല ചരിത്രത്തിൽ “യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യെരോബയാം” എന്ന ദുഷ്പേരുവന്നു. പൊന്നുകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി ബഥേലിലും ദാനിലും സ്ഥാപിച്ച

ഒ.എസ്.എസ്.എ.ഇ. ഔട്ട്സൈഡ് കേരളാ റീജിയണിന്റെ ഡയറക്ടർ ആയിരുന്ന ബഹു. അച്ചൻ ഇപ്പോൾ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അദ്ധ്യാപകനാണ്.

രാജാവ് വിഗ്രഹാരാധനക്ക് നേതൃത്വം നൽകി. യിസ്രായേലിനെ മിസ്രയീം ദേശത്തുനിന്നുകൊണ്ടുവന്ന ദൈവമാക്കി കാളക്കുട്ടികളെ ചിത്രീകരിച്ചു. വിഗ്രഹാരാധന നടത്തുകയും ദൈവജനത്തെ യഹോവയിൽ നിന്ന് അകറ്റുകയും ചെയ്ത രാജാവിന്റെ നടപടികൾക്ക് തക്കതായ ശിക്ഷകൾ ദൈവം വിധിച്ചു. യൊരോബയാം ധൂപം അർപ്പിക്കുവാൻ യാഗപീഠത്തിന്നരികെ നിൽക്കുമ്പോൾ ഒരു ദൈവപുരുഷൻ യഹോവയുടെ കല്പനയാൽ യെഹൂദയിൽ നിന്ന് ബേഥേലിലേക്കുവന്ന് ദൈവകോപത്താൽ വരാവുന്ന സംഭവങ്ങൾ അറിയിച്ചു (1 രാജാക്കന്മാർ 13). ദാവീദ് ഗൃഹത്തിന് യോശീയാവ് എന്ന ഒരു മകൻ ജനിക്കുമെന്നും പൂജാഗിരി പുരോഹിതന്മാരെ ചുട്ടുകളയുമെന്നും പ്രവചിച്ചു. ഇവ സംഭവിക്കുമെന്നുള്ളതിന് ഒരു അടയാളവും നൽകി. ഇപ്പോൾതന്നെ യാഗപീഠം പിളർന്ന് അതിന്മേലുള്ള ചാരം തൂകിപ്പോകുമെന്ന് പ്രസ്താവിച്ചു. അത് ഉടൻ തന്നെ സംഭവിച്ചു. ഇതിൽ അതൃപ്തനായ രാജാവ് ആ ദൈവപുരുഷനെ പിടിക്കുവാൻ കൈനീട്ടി. എന്നാൽ ആ കൈയ്യ് വരണ്ടുപോയി. ആ ദൈവപുരുഷൻ യെരോബയാമിന്റെ അഭ്യർത്ഥന പ്രകാരം പ്രാർത്ഥിച്ചപ്പോൾ അവന്റെ കൈക്കു സൗഖ്യം ലഭിച്ചു. എങ്കിലും രാജാവ് ദുർമാർഗ്ഗം വിട്ടുപിരിഞ്ഞില്ല. സർവ്വജനത്തിൽ നിന്നും പൂജാഗിരി പുരോഹിതന്മാരെ നിയമിച്ചു. യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തുകൊണ്ടേയിരുന്നു (1 രാജാക്കന്മാർ 13:34).

യഹോവയെ ഭയപ്പെട്ട് യിസ്രായേലിനെ നേർവഴിക്കുനയിക്കേണ്ട രാജാവ് സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ അനർത്ഥങ്ങൾ അദ്ദേഹത്തിന് മാത്രമല്ല ദൈവജനത്തിനു മുഴുവൻ വന്നു ഭവിച്ചു. രാജാവിനും യിസ്രായേൽ ജനത്തിനും വരുവാനിരിക്കുന്ന ആപത്തുകൾ ദൈവം അഹീയാ പ്രവാചകനിലൂടെ വെളിപ്പെടുത്തിയിരുന്നു. രാജാവിന്റെ മകൻ അബിയാം രോഗബാധിതനായി മരിക്കുമെന്നും (1 രാജാക്കന്മാർ 14:12), യൊരോബയാമിന്റെ രാജഗൃഹത്തെ ദൈവം ഛേദിച്ചുകളയമെന്നും പ്രവചിച്ചു (1 രാജക്കന്മാർ 14:14–16). ബി.സി. 901 ൽ യൊരോബെയാം മരിച്ചതിനുശേഷം അവന്റെ മകൻ നാദാബ് പകരം രാജാവായി.

2. ആഹാബ് (ബി. സി. 860–850, 1 രാജാക്കന്മാർ 16:29–22:40)

യിസ്രായേലിന്റെ ചരിത്രത്തിൽ വളരെ സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു ആഹാബിന്റേത്. യിസ്രായേലിനെ ഭരിച്ച രാജപരമ്പരകളിൽ നാലാമത്തെ പരമ്പരയിലെ രണ്ടാമത്തെ രാജാവാണ് അദ്ദേഹം. ആഹാബ് യിസ്രായേലിനെ ഇരുപത്തിരണ്ട് വർഷം ഭരിച്ചു. ദൈവതാൽപര്യത്തിനു വിരുദ്ധമായ ശൈലിയായിരുന്നു അദ്ദേഹം അവലംബിച്ചത്. സീദോന്യരാജാവിന്റെ മകൾ ഈസേബെലിനെയാണ് അദ്ദേഹം ഭാര്യയായി സ്വീകരിച്ചത്. ഇത് അദ്ദേഹത്തിന്റെ ക്രൂരകൃത്യങ്ങൾക്ക് ആക്കം കൂട്ടി. രാജാവ് ബാലിനെ സേവിക്കുകയും അശേരാ പ്രതിഷ്ഠയുണ്ടാക്കുകയും ചെയ്തു. യിസ്രായേലിന്റെ മുൻരാജാക്കന്മാരെക്കാൾ അധികം ഹീനകൃത്യങ്ങൾ അദ്ദേഹം ചെയ്തു (1 രാജാക്കന്മാർ 16:31–34). ദൈവത്തിന്റെ അരുളപ്പാടുണ്ടായിട്ട് പ്രവാചകന്മാരായ ഏലിയാവും ഏലീശയും രാജാവിന്റെ ദുർവൃത്തികൾക്ക് എതിരെ ശബ്ദമുയർത്തി. ആഹാബിന്റെ ഭരണകാലത്താണ് യിസ്രായേലിൽ മൂന്നുവർഷം കഠിനമായ വരൾച്ചയുണ്ടായത് (1 രാജാക്കന്മാർ 17). രാജാവിന്റെ അനുവാദത്തോടും ആശീർവാദത്തോടും കൂടി ബാൽ ദൈവാരാധനയും അവരുടെ പ്രവാചകന്മാരുടെ വർദ്ധനവും ഉണ്ടായപ്പോൾ ഏലിയാവ് കർമ്മേൽ മലയിൽ ഒരു യാഗം അർപ്പിച്ച് ബാലിന്റെ നാനൂറ്റിയമ്പതു പ്രവാചകന്മാരെ വധിച്ചു. പ്രവാചകനെ വധിക്കുവാൻ രാജാവിനെക്കൊണ്ട് ഉത്തരവിറക്കുകയായിരുന്നു ഭാര്യ ഈസേബെൽ (1 രാജാക്കന്മാർ 19:1–3). എന്നാൽ ഏലിയാവ് ദൈവനിശ്ചയപ്രകാരം രക്ഷപെട്ടു. നാബോത്തിന് പിതൃപാരമ്പര്യമായി ലഭിച്ച തോട്ടം സ്വന്തമാക്കുവാൻ ആഗ്രഹിച്ച രാജാവിന് തന്ത്രങ്ങൾ മെനഞ്ഞു നൽകി അവനെ കൊന്ന് തോട്ടം കൈവശമാക്കിയതിനു പിന്നിൽ ആഹാബിന്റെ ഭാര്യ ഈസേബെത്തായിരുന്നു (1 രാജാക്കന്മാർ 21:1–24). ആരാം രാജാവായ ബെൻഹദദിനെ ഒരിക്കൽ ആഹാബ് പരാജയപ്പെടുത്തിയെങ്കിലും (20:1–34) മൂന്നുവർഷത്തിനു ശേഷമുണ്ടായ യുദ്ധത്തിൽ ആഹാബ് കൊല്ലപ്പെട്ടു (1 രാജാക്കന്മാർ 22:35–37). അവന്റെ രക്തം നായ്ക്കൾ നക്കുമെന്ന് ഏലിയാവ് പ്രവചിച്ചതിന് അങ്ങനെ നിവൃത്തിയുണ്ടായി (1 രാജാക്കന്മാർ 22:38, 1 രാജാക്കന്മാർ 21 :19). ആഹാബ് അന്യദൈവങ്ങളെ ആരാധിക്കുകയും അവയ്ക്ക് പ്രതിഷ്ഠ നടത്തുകയും ഭാര്യയായ ഈസേബെലിന്റെ പ്രേരണയാൽ ക്രൂരകൃത്യങ്ങൾ നടത്തുകയും ചെയ്തതുകൊണ്ടു അവൻ യഹോവയ്ക്ക് ഏറ്റം അനിഷ്ടനായിത്തീർന്നു.

3. യേഹൂ (ബി. സി. 842–815; 2 രാജാക്കന്മാർ 8:1–10:36)

ദൈവനിർദ്ദേശപ്രകാരം ഏലീശാ പ്രവാചകന്റെ ഒരു ശിഷ്യനെ അയച്ചാണ് യേഹുവിനെ രാജാ

വായി വാഴിച്ചത് (2 രാജാക്കന്മാർ 9:1–10). ഒമ്റി രാജവംശത്തിനെതിരെ ഉയർന്ന ശക്തമായ എതിർപ്പുകൾക്ക് പരിഹാരമായിട്ടാണ് യേഹു രാജാവാക്കപ്പെട്ടത്. യേഹു യിസ്രായേലിൽ ഇരുപത്തിയെട്ടു വർഷം രാജാവായിരുന്നു (10:36). അവന്റെ പ്രധാന ദൗത്യമായി പ്രവാചക ശിഷ്യൻ അവനെ ഓർമ്മിപ്പിക്കുന്നത് പ്രവാചകന്മാരുടെ രക്തത്തിനും ഈസേബെലിനോട് പ്രതികാരം ചെയ്യേണ്ടതിന് ആഹാബിന്റെ ഗൃഹത്തെ സംഹരിക്കണമെന്നുമാണ് (9:7). ആഹാബിന്റെ മകനായ ഇസ്രായേൽ രാജാവ് യോരാമിനെ ഗിലെയാദിലെ രാമോത്തിൽ വച്ച് അമ്പെയ്ത് കൊന്നു (9:24). യേഹുവിന്റെ നിർദ്ദേശപ്രകാരം ഈസേബെലിനെ ശമര്യയിലെ മാളികയിൽ നിന്ന് അവളുടെ ഷണ്ഡന്മാരെക്കൊണ്ടുതന്നെ തള്ളിയിട്ടുകൊല്ലിച്ചു. അവരുടെ മാംസം നായ്ക്കൾ തിന്നുകളഞ്ഞു. അങ്ങനെ ഏലിയാ പ്രവാചകന്റെ പ്രവചനം പൂർണമായി (1 രാജാക്കന്മാർ 21:23). അതിനുശേഷം യേഹു യിസ്രേയേലിൽ ആഹാബ് ഗൃഹത്തിൽ ശേഷിച്ചവരെയൊക്കെയും അവന്റെ സകലമഹത്തുക്കളെയും ബന്ധുക്കളെയും പുരോഹിതന്മാരെയും സംഹരിച്ചുകളഞ്ഞു (2 രാജാക്കന്മാർ 10:11, 17). കൂടാതെ ബാൽ ദേവന്റെ പുരോഹിതന്മാരെയെല്ലാം സംഹരിച്ചു, സ്തംഭങ്ങളെ തകർത്തുകളഞ്ഞു (10:19–28). എന്നാൽ ബേഥേലിലും ദാനിലും യൊരോബെയാം സ്ഥാപിച്ച കാളക്കുട്ടികളുടെ പ്രതിമകൾ യേഹൂ നശിപ്പിച്ചില്ല. അതുകൊണ്ട് അന്യദൈവങ്ങളെ വന്ദിക്കുകയും വിഗ്രഹാരാധന നടത്തുകയും ചെയ്തു എന്ന പാപം യേഹുവിനെതിരെയുണ്ടായി. പ്രവാചകന്മാർ മുഖാന്തിരം ദൈവം കല്പിച്ച അനേക കാര്യങ്ങൾ യേഹു പ്രവർത്തിച്ചതുകൊണ്ട് യേഹുവിന്റെ പുത്രന്മാർ യിസ്രായേലിന്റെ രാജാസനത്തിൽ നാലുതലമുറകൾ വാണു (2 രാജാക്കന്മാർ 10:30).

4. ഹോശേയ (ബി.സി. 732–723, 2 രാജാക്കന്മാർ 17)

വടക്കേ രാജ്യമായ യിസ്രായേലിന്റെ അവസാനത്തെ രാജാവായിരുന്നു ഏലായുടെ മകനായ ഹോശേയ. ഈ രാജ്യത്തിന്റെ പത്തൊൻപതാമത്തെ രാജാവായ ഹോശേയ ഒൻപതുവർഷം രാജഭരണം നടത്തി. അവൻ യഹോവയ്ക്കു അനിഷ്ടമായുള്ളത് പ്രവർത്തിച്ചു (2 രാജാക്കന്മാർ 17:1). അശ്ശൂർ രാജാവായ ശൽമനേസർ ഹോശേയയ്ക്ക് എതിരെ യുദ്ധം ചെയ്തുവന്നു. എന്നാൽ ഹോശേയ അവന് കപ്പം കൊടുത്ത് ആശ്രിത രാജാവായിത്തീർന്നു. പിന്നീട് മിസ്രയീം രാജാവായ സോവുമായി സഖ്യം ചേർന്ന് കപ്പം നൽകുന്നത് നിർത്തുകയും ചെയ്തു. ഇതിൽ കുപിതനായ അശ്ശൂർ രാജാവ് ഹോശേയാവിനെ കാരാഗൃഹത്തിലാക്കി (17:4).

അശ്ശൂരിന്റെ അധിനിവേശം

ഹോശേയാവിന്റെ കാലത്തുതന്നെ വടക്കേരാജ്യത്തിന്റെ ശക്തിക്ഷയിച്ചുപോയിരുന്നു. എഫ്രയീം ഗോത്രത്തിനു ലഭിച്ച സ്ഥലവും മനെശ്ശയുടെ ഗോത്രത്തിനു ലഭിച്ച സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗവും മാത്രമേ അദ്ദേഹത്തിന്റെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നുള്ളൂ. ഈ കാലഘട്ടത്തിലെ ചരിത്രം, രാജാക്കന്മാരുടെ പുസ്തകം, ദിനവൃത്താന്തം, യെശയ്യാവ്, മീഖാ, ഹോശേയ എന്നീ പുസ്തകങ്ങളിൽ നിന്നാണ് നാം മനസ്സിലാക്കുന്നത്.

യൊരോബെയാമിന്റെ ശേഷം (ബി.സി. 746) വടക്കേരാജ്യത്തിനുണ്ടായത് ഒരു ദുരന്ത ചരിത്രമായിരുന്നു. അസ്സീറിയക്കാരുടെ കടന്നുകയറ്റത്തിന് 25 വർഷങ്ങൾക്കകം വടക്കേരാജ്യം ഭൂമുഖത്തുനിന്നുതന്നെ തുടച്ചുമാറ്റപ്പെട്ടു. അസ്സീറിയായുടെ തടി വ്യവസായവും ഖനനവും നൽകിയ സമ്പത്തുകൊണ്ട് രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. ഏഷ്യാമൈനറിലേക്കും ഈജിപ്റ്റിലേക്കും രാജ്യവിസ്തൃതി വർദ്ധിപ്പിച്ച തിഗ്ലത്ത് പിലേസർ III (745–727) രാജാവാണ് ആ രാജ്യത്തിന്റെ ശക്തനായ പോരാളിയും സ്ഥാപകനുമെന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ആ രാജ്യത്തിന്റെ തെക്കുള്ള അരാമ്യയിലേക്കും (കൽദയർ), വടക്കോട്ടും പടിഞ്ഞാറോട്ടും രാജ്യവിസ്തൃതി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. തന്ത്രപരമായ യുദ്ധങ്ങൾ കൊണ്ട് ആ കാലഘട്ടത്തിലെ ശക്തമായ രാജ്യമായി അത് മാറി. ബി.സി. 743 ൽ സിറിയയെയും കീഴ്പ്പെടുത്താൻ അശ്ശൂർ ശ്രമിച്ചു. ബി. സി. 738 നോട് അടുത്ത് അസ്സീറിയൻ രാജാവായ തിഗ്ലത്ത് - പിലേസ്സറിന് കപ്പം നൽകാത്ത രാജ്യങ്ങൾ ഒന്നുമില്ലാതായി. അദ്ദേഹം സ്വീകരിച്ച ഒരു നയം രാജ്യങ്ങൾ കീഴടക്കുകയും അവിടെയുള്ളവരെ മറ്റ് ദേശങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുകയുമായിരുന്നു. അതുവഴി ആ രാജ്യത്തോടുള്ള ജനങ്ങളുടെ ബന്ധം അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യമാണിതിനുപിന്നിലുണ്ടായിരുന്നത്.

അശ്ശൂർ ഇങ്ങനെ ശക്തമായി മുന്നേറുന്ന കാലത്താണ് യിസ്രായേലിന്റെ അധഃപതനം ആരംഭിക്കുന്നത്. 2 രാജാക്കന്മാർ 15:8–28 ഭാഗത്ത് യിസ്രായേൽ നേരിട്ട രാഷ്ട്രീയ അസ്ഥിരതയും വ്യക്തമാക്കുന്നുണ്ട്. യൊരോബെയാം രണ്ടാമന്റെ (ബി. സി. 786–746, യൊരോബെയാം എന്നപേരിൽ രണ്ട്

രാജാക്കന്മാർ ഉണ്ടായിരുന്നു). മരണശേഷം ഏകദേശം പത്തുവർഷത്തിനകം അഞ്ച് രാജാക്കന്മാരാണ് യിസ്രായേലിനെ ഭരിച്ചത്. ഇതിൽ മൂന്നുപേർ സിംഹാസനം അക്രമങ്ങളിലൂടെ നേടുകയായിരുന്നു. യൊരോബെയാമിന്റെ മകൻ സെഖര്യാവ് ആറുമാസം മാത്രമേ രാജാവായിരുന്നുള്ളു (ബി.സി. 746-745). യാബേശിന്റെ മകനായ ശല്ലും (Shallum) അവനെ കൊന്ന് രാജാവായി. ഒരുമാസം മാത്രമേ ആ ഭരണത്തിന് ആയുസ്സുണ്ടായിരുന്നുള്ളൂ. ഗാദിയുടെ മകനായ മെനഹേം ശമര്യയിൽ വന്ന് ശല്ലുമിനെ വെട്ടിക്കൊന്ന് പകരം രാജാവായി. തിഗ്ലത്ത്-പിലേസർ മെനഹേമിനെ ആക്രമിച്ചു. എന്നാൽ വലിയ കപ്പം കൊടുത്ത് രാജാവ് ആശ്രിതനായി തുടർന്നു. മെനാഹേമിന്റെ മകൻ പെക്കഹ്യാവ് രാജാവായി. രാജാവിന്റെ അകമ്പടിനായകൻ രെമല്യാവിന്റെ മകൻ പെക്കഹ് പെക്കഹ്യാവിനെ കൊലപ്പെടുത്തി രാജാവായി. ഡമസ്ക്കസ് രാജാവായ റെസിനും (യെശയ്യ 9:8-12), ഫിലിസ്ത്യരും അസ്സിറയക്കു എതിരെ സഖ്യം കൂടി അതിൽ മെനഹേമിനെയും ചേർക്കുവാൻ ശ്രമിച്ചിരുന്നു. എന്നാൽ ആ ഉദ്യമം ഫലം കണ്ടില്ല. അവർ യിസ്രായേലിനെ ആ കാരണത്താൽ ആക്രമിച്ചു. എങ്കിലും പെക്കാഹ് അനുഭാവപൂർവ്വം പ്രവർത്തിച്ചു. ബി.സി 721 ൽ അശ്ശൂർ രാജാവ് ശൽമനേസ്സർ വടക്കേ രാജ്യത്തിന്റെ തലസ്ഥാനമായ ശമര്യ പിടിച്ചടക്കി യിസ്രായേല്യരെ തടവുകാരായി അശ്ശൂരിലേക്ക് കൊണ്ടുപോയി. അവിടെ വിവിധ സ്ഥലങ്ങളിൽ പാർപ്പിച്ചു (2 രാജക്കന്മാർ 17 :6). കൂടാതെ ബാബേൽ, കൂഥാ, അവ്വ, ഹമാത്ത്, സെഫർവ്വയിം എന്നിവിടങ്ങളിൽ നിന്ന് ആളുകളെ കൊണ്ടുവന്ന് യിസ്രായേൽ രാജ്യത്ത് പാർപ്പിച്ചു. അങ്ങനെ ബി.സി 721 ൽ വടക്കേ രാജ്യമായ യിസ്രായേൽ എന്നേക്കുമായി നശിച്ചു. മാത്രവുമല്ല ശമര്യയിൽ പാർത്ത യിസ്രായേൽ മക്കൾക്ക് അവരുടെ ഗോത്രശുദ്ധികൂടി നഷ്ടമാവുകയും ചെയ്തു. ന്യായപ്രമാണ വിരുദ്ധമായി യിസ്രായേൽ രാജാക്കന്മാരും അവരുടെ പ്രേരണയാൽ ജനങ്ങളും പ്രവർത്തിച്ചപ്പോഴാണ് രാജ്യത്തിന് ഈ അനർത്ഥങ്ങളെല്ലാം വന്ന് ഭവിച്ചത് (2 രാജക്കന്മാർ 17:7-18).

ഇസ്രായേൽ ഒരു സംയോജിത സർവ്വാധിപത്യരാജ്യമായിരുന്നപ്പോൾ (United Monarchy) ഭരിച്ച ശൗൽ, ദാവീദ്, ശലോമോൻ എന്നിവരുടെ ഭരണഘട്ടം ഏകദേശം താഴെപ്പറയുന്നതുപോലെയായിരുന്നു.

ശൗൽ - 1020-1000 ബി.സി
ദാവീദ് - 1000-961 ബി. സി
ശലോമോൻ- 961-922 ബി. സി

ഇവർക്കുശേഷം ഇസ്രായേലും, യഹൂദയുമായി വിഭജിക്കപ്പെട്ട രണ്ടു രാജ്യങ്ങളെ ഭരിച്ച രാജാക്കന്മാരും അവരുടെ കാലഘട്ടവും താഴെപ്പറയുന്നതുപോലെയാണ്.

JUDAH		ISRAEL	
Rehoboam — 922	(931)	922	(931) — Jeroboam I
Abijam — 915	(913)		
Asa — 913	(911)		
		901	(910) — Nadab
		900	(909) — Baasha
		877	(886) — Elah
		876	(885) — Zimri
		876 (Omri, Tibni 885) — Omri (Omri 880)	
Jehoshaphat — 873	(870)	869	(874) — Ahab
Jehoram — 849	(848)	850	(853) — Ahaziah
Ahaziah — 842	(841)	849	(852 — Jehoram
Athaliah — 842	(841)	842	(841) — Jehu
Jehoash — 837	(835)		
		815	(814) — Jehoahaz
		801	(798) — Jehoash

Amaziah — 800	(796)		
		786	(782) — Jeroboam II
Uzziah — 783	(767)		
		746	(753) — Zechariah
		745	(752) — Shallum
		745	(752) — Menahem
Jotham — 742	(740)		
		738	(742) — Pekahiah
		737	(740) — Pekah
Ahaz — 735	(732)		
		732	(732) — Hoshea
		721	(723/22) — Fall of Samaria
Hezekiah — 715	(716)		
Manasseh — 687	(687)		
Amon — 642	(643)		
Josiah — 640	(641)		
Jehoahaz — 609	(609)		
Jehoiakim — 609	(609)		
Jehoiachin — 598	(598)		
Zedekiah — 597	(597)		
Fall of Jerusalem — 587	(586)		

●

‘ദ സൺഡേസ്കൂൾ’ എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചു

13.07.2019-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ‘ദ സൺഡേസ്കൂൾ’ എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുത്തിരുന്ന ഡോ. ഐപ്പ് വർഗീസ്, പ്രൊഫ. ജോസ് വി. കോശി, ഡോ. വർഗീസ് പുന്നൂസ്, ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവർക്ക് പകരം ഫാ. റ്റി. പി. കുര്യൻ, ശ്രീ. വി. എം. ജോൺ, ശ്രീ. ബാബു വർഗീസ്, ശ്രീ. ജോൺ കെ. മാത്യു എന്നിവരെ തെരഞ്ഞെടുത്തു. സ്ഥാനമൊഴിയുന്ന അംഗങ്ങളുടെ സേവനങ്ങളെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതോടൊപ്പം പുതിയ അംഗങ്ങളെ പ്രവർത്തനമേഖലയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

പാഠപുസ്തക പഠനം

ക്ലാസ് 9, യൂണിറ്റ് 1

പാഠം – 6 പൗലോസിന്റെ മാനസാന്തരം

ഫാ. ഏലിയാസ് കെ. വി.

പഠനോദ്ദേശ്യവും മനഃപാഠ വാക്യവും, പഠന സഹായികളും പുസ്തകത്തിൽ കൊടുത്തിരിക്കുന്നതുപോലെതന്നെ.

ഈ പാഠം പഠിപ്പിക്കുന്നതിനുമുമ്പ് അപ്പൊസ്തോല പ്രവൃത്തികളുടെ പുസ്തകം സംബന്ധിച്ച് ഒരു പഠനം ഉണ്ടാകുന്നത് നല്ലത്. തുടർന്നുള്ള പാഠങ്ങൾക്കും ഈ വായന വളരെ സഹായകമാകും. ഈ പാഠത്തിനായി പ്രത്യേകിച്ച് അപ്പൊസ്തോല പ്രവൃത്തികൾ 9, 22, 26 അദ്ധ്യായങ്ങൾ നല്ലതുപോലെ ശ്രദ്ധിച്ചു വായിച്ചിരിക്കണം. ഇവിടെ പ്രാധാന്യം പൗലോസ് എന്ന വ്യക്തിക്കാണ്, അദ്ദേഹത്തിന്റെ മാനസാന്തരത്തിനാണ് എന്നത് പ്രത്യേക ശ്രദ്ധയോടെ മനസ്സിലാക്കേണ്ടതാണ്.

പാഠഭാഗം

'ശൗൽ' എന്ന എബ്രായപദത്തിന് 'ദൈവത്തോടു ചോദിച്ചു' എന്ന അർത്ഥമാണുള്ളത്. ഇതിന്റെ റോമൻ നാമം 'പൗലോസ്' എന്ന വാക്കിന് 'ചെറുത്' എന്നർത്ഥം. അദ്ദേഹത്തിന്റെ ഗുരു ഗമാലിയേൽ. ഈ വാക്കിന് 'ദൈവത്തിന്റെ സമ്മാനം' എന്ന അർത്ഥമാണ്. ശൗൽ ക്രിസ്ത്യാനികളെ യരുശലേമിൽ പീഡിപ്പിച്ചിരുന്നു. തുടർന്ന് ദമസ്കസ്സിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിന് മഹാപുരോഹിതനിൽനിന്ന് അധികാരപത്രവും വാങ്ങിയാണ് ശൗൽ ദമസ്കസ്സിലെത്തുന്നത്. കിലിക്യ ദേശത്ത് തർസൊസ്സിൽ ഒരു റോമാ പൗരനായാണ് ശൗൽ ജനിച്ചത്. വിദ്യാഭ്യാസം ന്യായപ്രമാണത്തിൽ. ഉന്നത ഗുരുശ്രേഷ്ഠനായ ഗമാലിയേലിൽനിന്നും അങ്ങനെ യഹൂദ്യ ന്യായപ്രമാണത്തിൽ അതിതീക്ഷ്ണതയുള്ളവനായി. ക്രിസ്തുവിനെ ന്യായപ്രമാണത്തിന്റെ ശത്രുവായി കണ്ട്, ആ മാർഗ്ഗം സ്വീകരിക്കുന്നവരെ ഇല്ലാതാക്കാനുള്ള യാത്രയിലാണ് ദമസ്കസ്സിന്റെ പടിവാതിൽക്കൽവച്ച് ശൗലിന് ദർശനമുണ്ടാകുന്നത്. ക്രിസ്തുമാർഗ്ഗത്തെ നിശിപ്പിക്കാനിറങ്ങിയവൻ ഈ ദർശനാനന്തരം ക്രിസ്തുമതത്തിന്റെ പ്രചാരകനായി. ഈ ചരിത്രാനുഭവം വിശദീകരണങ്ങളിലെ വ്യത്യാസങ്ങളോടെ അപ്പൊസ്തോല പ്രവൃത്തികളിൽ മൂന്നിടത്ത് വിവരിക്കുന്നുണ്ട് (അ. പ്ര. 9:22, 26). ഇതുകൂടാതെ പൗലോസ് തന്റെ ലേഖനങ്ങളിൽ ഈ സംഭവത്തെ ചുരുങ്ങിയ വാക്കുകളിൽ പ്രതിപാദിക്കുന്നതേയുള്ളൂ. ദൈവത്തിന്റെ ലക്ഷ്യപൂർത്തീകരണത്തിനുള്ള അന്യാദൃശമായ വിളി (ഗലാ. 1:15); ഒടുവിൽ താനും ക്രിസ്തുയേശുവിനാൽ ബന്ധിതനായി (1 കൊരി. 15:9–10; ഫിലി. 3:12); ദൈവത്തിന്റെ പ്രകാശം തന്റെ ഉള്ളിലും തെളിഞ്ഞു (2 കൊരി. 4:6); ഈ രൂപാന്തരം ദൈവകൃപയാണ് (1 തിമൊ. 1:13); ഈ അവസരം തനിക്ക് കർത്താവിനെ കാണുവാനുള്ളതായിരുന്നു (1 കൊരി. 9:1). എന്നിങ്ങനെയുള്ള ലഘുപരാമർശങ്ങളെ ചേർത്തു വായിക്കുന്നത് ദർശനലക്ഷ്യം കുറെക്കൂടി വ്യക്തമാകുന്നതിന് സഹായിക്കും. ഏതിനും ഈ വേദഭാഗങ്ങളെല്ലാം ശ്രദ്ധയോടെ വായിച്ചിട്ടുവേണം ക്ലാസ്സ് എടുക്കുവാൻ.

അല്പം നിർത്താം.... ചിന്തിക്കാം....

1. വി. കുർബ്ബാനയിൽ ശ്ലീഹാവായനയുടെ സന്ദർഭമാണ് പൗലോസ് ശ്ലീഹായെ ഓർക്കുന്ന ആദ്യ സന്ദർഭം. വി. കുർബ്ബാനയിൽ പൊതുലേഖന വായന (വടക്കുവശത്ത് ഭൂവിലശേഷം..... ചൊല്ലിയശേഷം) നടത്തിയില്ലെങ്കിലും തെക്കുവശത്ത് പൗലോസ് ശ്ലീഹാ.... എന്ന ഗീതം ചൊല്ലിയശേഷം പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽനിന്നുള്ള വായന നിർബന്ധമാണ്.

ഫാ. കെ.വി. ഏലിയാസ്
പഴയസെമിനാരിയിൽ പഴയനിയമ വിഭാഗത്തിലെ അദ്ധ്യാപകനാണ്. സൺഡേസ്കൂൾ കൺട്രോളർ ഓഫ് എക്സാമിനേഷനായി പ്രവർത്തിച്ചു. ഇപ്പോൾ കണ്ടനാട് (ഈസ്റ്റ്) ഭദ്രാസന ഡയറക്ടറാണ്.

രണ്ടാമത്തെ സന്ദർഭം തുബ്ദേൻ വായന. നാലാം തുബ്ദേനിൽ ശ്ലീഹന്മാരുടെ തലവന്മാരിൽ ഒരാളായി പൗലോസ് ശ്ലീഹായെ (പത്രോസ് ശ്ലീഹായ്ക്കൊപ്പം) ഓർക്കുന്നു.

പരിശുദ്ധന്മാരുടെ കുക്കിലിയോന്റെ സമയം പരിശുദ്ധ ശ്ലീഹന്മാരെയും വിശുദ്ധന്മാരെയും സന്ദർഭാനുസരണം സ്മരിക്കുവാനുള്ള അവസരമാണ്. അവിടെയും പൗലോസ് ശ്ലീഹായെ ഓർക്കാം.

2. ശൗലിന്റെ ജന്മസ്ഥലം കിലിക്യദേശത്തെ തർസൊസ് എന്ന പട്ടണമാണ് (അ. പ്രവൃ. 21:39; 22:3). യഹൂദനും റോമാ പൗരനുമാണ് പൗലോസ്.
3. 'ഗമാലിയേൽ' ആണ് ശൗലിന്റെ ഗുരു. ഒരു പരീശനായ ശൗൽ ഗമാലിയേലിന്റെ കീഴിൽ മോശെയുടെ ന്യായപ്രമാണം അഭ്യസിച്ച് തീക്ഷ്ണവാനായ പരീശനായി ജീവിച്ചു.
4. ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാനും ആ വിശ്വാസത്തെ ഇല്ലാതാക്കുവാനും മഹാപുരോഹിതനിൽനിന്ന് അധികാരപത്രം വാങ്ങി ദമസ്കോസ്സിലേയ്ക്ക് പുറപ്പെട്ട ശൗലിന് ദമസ്കോസ്സിന്റെ പടിവാതിൽക്കൽവച്ച് ഒരു ദർശനമുണ്ടായി (അ. പ്രവൃ. 9, 22, 26). ശക്തമായ പ്രകാശത്തിന്റെ മദ്ധ്യേ "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്ന ശബ്ദം അവൻ കേട്ടു. തുടർന്നുള്ള ശൗലിന്റെ അന്വേഷണത്തിനു മറുപടിയായി "നീ ഉപദ്രവിക്കുന്ന യേശു ആകുന്ന ഞാൻ, നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക" നീ ചെയ്യേണ്ടുന്നത് അവിടെ വച്ച് നിന്നോടു പറയും" എന്ന ശബ്ദവും (9:4-6; 22:6-10; 26:4) അവൻ കേട്ടു.

പൗലോസിന്റെ ഒരു ജീവിതരേഖ ചില പണ്ഡിതർ, ലേഖനങ്ങളും അപ്പൊസ്തല പ്രവൃത്തികളും അടിസ്ഥാനമാക്കി തയ്യാറാക്കിയത് താഴെ കൊടുക്കുന്നു. വർഷങ്ങൾ ഏകദേശ കണക്കാണ്. വളരെ കൃത്യമെന്ന് ആരും അവകാശപ്പെടുന്നില്ല.

1.	കിലിക്യയിലെ തർസൊസ്സിൽ ജനനം. അവിടെ പഠിച്ചു വളരുന്നു	ക്രി. വ. 10
2.	ക്രിസ്തുവിനാൽ പിടിക്കപ്പെട്ട്, മാനസാന്തരത്തിലേയ്ക്ക് തുടർന്ന് മൂന്നുവർഷത്തോളം അറബിയിൽ (ഗലാ. 1:177)	ക്രി. വ. 34-35
3.	മാനസാന്തരാനന്തരം യരുശലേമിലേക്കുള്ള ആദ്യ സന്ദർശനം	ക്രി. വ. 37
4.	യരുശലേം സുന്നഹദോസ്, ദേശാധിപതിയായ ഗല്ലിയോന്റെ മുമ്പിൽ അ. പ്ര. 15:1-21 ഗലാ. 2:1-10; അ. പ്ര. 18:12-17	ക്രി. വ. 50-51
5.	എഫേസോസിൽ	ക്രി. വ. 52-54
6.	ഒടുവിൽ റോമിൽവച്ച് നീറോയുടെ പീഡനകാലത്ത് വധിക്കപ്പെടുന്നു	ക്രി. വ. 63-64

ശൗലിന്റെ ജീവിതത്തെ സ്വാധീനിച്ച പല ഘടകങ്ങളുണ്ട്.

1. **യഹൂദസ്വാധീനം:** യഹൂദകുടുംബത്തിൽ ജനിച്ച്, പരിച്ഛേദനയേറ്റ് ന്യായപ്രമാണം പഠിച്ച് അതിനോട് ചേർന്ന് ജീവിച്ച പരീശനായിരുന്ന ശൗൽ (ഫിലി. 3:5-6).
2. **യവനസ്വാധീനം:** ജനിച്ചദേശം തർസൊസ്. ഒരു വാണിജ്യകേന്ദ്രവും പഠനകേന്ദ്രവും ആയിരുന്നു. പല സംസ്കാരങ്ങളുടെ സാന്നിധ്യം - വിശേഷിച്ച് യവന-റോമൻ സംസ്കാരങ്ങളുടെ ഒരു കേന്ദ്രമായിരുന്നു തർസൊസ്. അവിടെ റോമാപൗരത്വം. ജന്മനാ സിദ്ധിച്ച ഒരുവനായ ശൗലിന്റെ ജീവിതത്തെ ഈ സംസ്കാരം വളരെ സ്വാധീനിച്ചിട്ടുള്ളതായി അദ്ദേഹത്തിന്റെ ലേഖന രചനാശൈലിയും വാക്ചാതുര്യവും വെളിവാക്കുന്നുണ്ട്.
3. **ക്രിസ്തീയ സ്വാധീനം:** ഉയിർത്തെഴുന്നേറ്റ കർത്താവുമായുള്ള അഭിമുഖീകരണവും ജാതികളുടെ അപ്പൊസ്തലനാകാനുള്ള ആഹ്വാനവും ശൗലിനെ/പൗലോസിനെ ഗാഢമായി സ്വാധീനിച്ചു. ന്യായപ്രമാണത്തെ ക്രിസ്തുകേന്ദ്രിതമായി വ്യാഖ്യാനിക്കുന്ന ഒരു രീതിശാസ്ത്രംതന്നെ പൗലോസിന്റെ രചനകളിൽ നമുക്ക് കാണാനാകും.

ചുരുക്കത്തിൽ പ്രവാസിയായ യഹൂദകുടുംബത്തിൽ ജനിച്ച്, യവന നഗരത്തിൽ വളർന്ന് ജാതികളുടെ അപ്പൊസ്തലനായി ദൈവം വിളിച്ചതോടെ ക്രിസ്ത്യാനിയായിത്തീർന്ന പൗലോസിൽ ഈ മുൻ സംസ്കാരങ്ങളുടെ സ്വാധീനം അദ്ദേഹത്തിന്റെ വേദശാസ്ത്ര രൂപീകരണത്തിൽ ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം.

പൗലോസ് ശ്ലീഹായെക്കുറിച്ച് അറിയുന്നതിനുള്ള സ്രോതസ്സുകൾ പ്രധാനമായും അദ്ദേഹത്തിന്റെ ലേഖനങ്ങൾ തന്നെയാണ്. ഇവയിൽ തർക്കലേശമെന്യേ പൗലോസ് രചിച്ച ലേഖനങ്ങളുണ്ട് (1 തെസ്സ., ഗലാത്യ, ഫിലോമോൻ, ഫിലിപ്യർ, 1, 2 കൊരി. റോമർ – 7 എണ്ണം) ഇവയെ പ്രാഥമിക സ്രോതസ്സുകളായി കാണാം. പൗലോസ് രചിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന ലേഖനങ്ങളും (കൊലോ, എഫേസ്യർ, 2 തെസ്സ, 1, 2 തിമൊ., തീത്തോസ് – 6 എണ്ണം) അപ്പൊസ്തല പ്രവൃത്തികളും മറ്റു ചില പുതിയനിയമലേഖനങ്ങളുമാണ് (യാക്കോ. 2 പത്രൊ.) മറ്റ് സ്രോതസ്സുകൾ. (പൗലോസിന്റെ പേരിൽ 14 ലേഖനങ്ങളാണ് ഓർത്തഡോക്സ് പാരമ്പര്യത്തിൽ പറയുന്നത്. പതിമൂന്നെണ്ണം മുകളിൽ കൊടുത്തിട്ടുണ്ട്. പതിനാലാമത്തേത് എബ്രായ ലേഖനം). ഈ എഴുത്തുകളുടെ സൂക്ഷ്മമായ വായന പൗലോസ് ശ്ലീഹായെന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ വേദശാസ്ത്രത്തെയും മനസ്സിലാക്കുവാൻ അനുപേക്ഷണീയമാണ്.

നമുക്ക് ചിന്തിക്കാം...

1. ശൗലിന്റെ ആദ്യകാല ജീവിതത്തെ മനസ്സിലാക്കുവാൻ ശൗലിന്റെ തന്നെ വാക്കുകൾ മതിയാകും. ജഡത്തിൽ ആശ്രയിച്ചിരുന്നവൻ, എട്ടാം നാളിൽ പരിച്ഛേദനയേറ്റവൻ, യിസ്രായേൽ ജാതിക്കാരൻ, ബെന്യാമീൻ ഗോത്രക്കാരൻ, എബ്രായരിൽനിന്ന് ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ച് പരീശൻ, ശുഷ്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ച് അനിന്ദ്യൻ (ഫിലി. 3:5–6). ക്രിസ്തുമാർഗ്ഗത്തെ (സഭയെ) ഉപദ്രവിക്കുവാനുള്ള പുറപ്പാടാണ് അ. പ്ര. 9, 22, 26 അദ്ധ്യായങ്ങളിൽ വായിക്കുന്നത്. യേശുക്രിസ്തുവിനെ ന്യായപ്രമാണത്തിന്റെ ശത്രുവായി കാണുന്നു. ന്യായപ്രമാണ ആചാരാനുഷ്ഠാനങ്ങളിൽ തീക്ഷ്ണത പുലർത്തുന്നു.
2. ശൗലിന്റെ ദർശനം അപ്പൊസ്തല പ്രവൃത്തി 9:1–18; 22:3–21; 26:9–23 ഭാഗങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയോടെ വായിക്കുക. ചുരുക്കം ഇങ്ങനെയാണ് പരീശനായ ശൗൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിന് മഹാപുരോഹിതനിൽനിന്ന് അധികാരപത്രം വാങ്ങി ദമസ്കസ്സിലേക്കു പുറപ്പെട്ടു. നഗരത്തിന്റെ വാതിൽക്കൽവച്ച് തീക്ഷ്ണമായ വെളിച്ചം അനുഭവപ്പെട്ടു. ഒരു ശബ്ദവും "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" "നീ ആരാകുന്നു കർത്താവേ?" എന്ന ചോദ്യത്തിന് "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" എന്ന് ഉത്തരം. അതോടൊപ്പം ഇനിയെന്തു ചെയ്യേണം എന്ന നിർദ്ദേശവും ഉണ്ടായി. ഇതാണ് ശൗലിനുണ്ടായ ദർശനം.
3. ഈ ദർശനം ശൗലിന്റെ ജീവിതത്തിലും ദർശനത്തിലും കാര്യമായ മാറ്റം ഉണ്ടാക്കി. പ്രധാനമായവ മൂന്ന് പാഠപുസ്തകത്തിൽ തന്നെ കൊടുത്തിട്ടുണ്ട്.
   a) ശത്രുവായി താൻ കരുതി ദ്വേഷിച്ച യേശു തന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട യേശു എന്ന് ശൗൽ/പൗലോസ് തിരിച്ചറിഞ്ഞു.
   b) മരത്തിന്മേൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവൻ (ആവ. 21:22) എന്ന് ന്യായപ്രമാണം. യേശു കുരിശിൽ മരിച്ചതിനാൽ ശപിക്കപ്പെട്ടവൻ എന്ന് വിശ്വസിച്ച ശൗൽ ദർശനാനന്തരം യേശു സകല മനുഷ്യരുടെയും രക്ഷകൻ എന്നു വിശ്വസിച്ചു.
   c) ജാതികളോടു സുവിശേഷം അറിയിക്കുവാൻ വിളിക്കപ്പെട്ടപ്പോൾ, യഹൂദന്മാർ മാത്രം 'ദൈവജനം' എന്ന ന്യായപ്രമാണ പരീശ ചിന്താഗതിയിൽനിന്ന് യേശുവിൽ വിശ്വസിക്കുന്ന സകലരും ഭേദമെന്യേ ദൈവജനം എന്ന് മനസ്സിലാക്കി.
4. ഇവിടെ ഈ ചോദ്യത്തിൽ ശൗൽ പഴയ മനുഷ്യനും പൗലോസ് പുതിയ മനുഷ്യനുമാണെന്ന ചിന്തയുണ്ട്. അത് പാഠഭാഗത്തിന്റെ തുടക്കത്തിൽ കൊടുത്തിട്ടുള്ള കാര്യമാണ്. പഴയത്, പുതിയത് എന്ന് തിരിക്കണമെന്നില്ല. ശൗൽ എബ്രായനാമം, പൗലോസ് റോമൻ പേര് എന്നുമാത്രം കരുതുക. ചോദ്യം മാനസാന്തരത്തിനു മുമ്പും പിമ്പുമുള്ള ശൗലിന്റെ/പൗലോസിന്റെ സ്വഭാവങ്ങളെ താരതമ്യം ചെയ്യുക എന്നായാൽ മതി.

ഒന്നാമത്തെ ചോദ്യത്തിന്റെയും മൂന്നാമത്തെ ചോദ്യത്തിന്റെയും ഉത്തരങ്ങൾ ചേർത്തുവച്ചാൽ ഇതിനുത്തരമാകും.

a) മുമ്പ് തന്റെ ഭൗതിക സ്ഥാനമാനങ്ങളിൽ പ്രശംസിച്ചിരുന്നവനായിരുന്നു ശൗൽ എങ്കിൽ, മാനസാന്തരം കഴിഞ്ഞപ്പോൾ അതെല്ലാം ചവറെന്ന് എണ്ണി.

b) മുമ്പ് ഏതൊന്നിനെ തകർക്കുവാൻ പുറപ്പെട്ടുവോ അതിനെ ഹൃദയത്തോട് ചേർത്ത് വിശ്വാസമാക്കി മാറ്റി. ക്രിസ്തുവിനെ ശത്രുവിൽനിന്ന് രക്ഷകനായി സ്വീകരിച്ചു.

c) 'ന്യായപ്രമാണം' തെരഞ്ഞെടുപ്പിനും പ്രത്യേക സ്ഥാനത്തിനും (ദൈവജനം) ആധാരമെന്നു ചിന്തിച്ചിടത്തുനിന്ന് അത് ഒന്നുമല്ലെന്നും രക്ഷ ക്രിസ്തുവിലൂടെ സകലർക്കും ഉള്ളതാണെന്നും തിരിച്ചറിഞ്ഞു.

d) ഉപദ്രവിക്കുന്നതല്ല, സഹനത്തിലാണ്, പീഡയേൽക്കുന്നതിലാണ് മഹത്വമെന്ന് തിരിച്ചറിഞ്ഞു.

പ്രവർത്തനങ്ങൾ

1. ഒരേ സംഭവമാണ് വിവരിച്ചിരിക്കുന്നതെങ്കിലും സന്ദർഭങ്ങളുടെ വ്യത്യാസം വിവരണങ്ങളിലും വ്യത്യസ്ത വരുത്തിയിട്ടുണ്ട്.

വ്യത്യാസങ്ങൾ	അദ്ധ്യായം 9	അദ്ധ്യായം 22	അദ്ധ്യായം 26
സന്ദർഭം	അ. പ്ര. എഴുത്തുകാരൻ പൗലോസിന്റെ മാനസാന്തരത്തെക്കുറിച്ച് എഴുതുന്നു.	യരുശലേമിൽ യഹൂദന്മാരോട് പൗലോസ് തന്റെ ദർശനത്തെക്കുറിച്ച് പറയുന്നു	കൈസര്യയിൽ ന്യായവിസ്താരവേളയിൽ അഗ്രിപ്പാ, ഫെസ്തോസ് എന്നിവരുടെ മുമ്പാകെ തന്റെ അനുഭവം വിവരിക്കുന്നു.
അവതരണം	ശൗൽ മഹാപുരോഹിതനിൽനിന്ന് അധികാര പത്രം വാങ്ങി ദമസ്കസ്സിലേക്കു പോകുന്നുവെന്ന് എഴുത്തുകാരന്റെ റിപ്പോർട്ട്	യഹൂദൻ, ഗമാലിയേലിന്റെ ശിഷ്യൻ, ദൈവവേലയിൽ എതിർപ്പുള്ളവൻ എന്ന് സ്വയം വിശേഷിപ്പിച്ച് ജനത്തെ സംബോധന ചെയ്യുന്നു.	അഗ്രിപ്പാ രാജാവിനെ സംബോധന ചെയ്യുന്ന പരീശനെന്ന് സാക്ഷ്യം
സമയം	പ്രത്യേകിച്ച് സൂചനയില്ല	ഉച്ചസമയം	നട്ടുച്ചസമയം
കാലം	മൂന്നുദിവസം അന്ധൻ ഉപവാസത്തിൽ	എത്രനാൾ എന്ന് പറയുന്നില്ല	ഇതുമുതൽ താഴേയ്ക്കുള്ള പരാമർശങ്ങളൊന്നും ഈ ഭാഗത്ത് കാണുന്നില്ല
	അനന്യാസിനുള്ള ദൈവനിയോഗം, വിളി, അനന്യാസിന്റെ സംശയം.	പ്രത്യേകിച്ച് പരാമർശമില്ല	പ്രത്യുത തന്റെ വിളിയും പ്രവൃത്തിയും എന്തെന്ന് വിശദമാക്കുകയാണ് പൗലോസ് തന്റെ വാക്കുകളിലൂടെ.
	അനന്യാസ് ശൗലിന്റെ മേൽ കൈവെച്ച് പ്രാർത്ഥിച്ചു.	കൈവെപ്പാനായി പറയുന്നില്ല	
	ശൗലിന്റെ നിയോഗത്തെക്കുറിച്ച് ചെറിയ പരാമർശം മാത്രം.	ശൗലിന്റെ നിയോഗത്തെക്കുറിച്ച് പ്രത്യേക നിർദ്ദേശം	
	മാമ്മോദീസ ഏൽക്കുന്നതായി പരാമർശം	മാമ്മോദീസാ ഏറ്റ് പാപങ്ങളെ കഴുകിക്കളക എന്ന ഉപദേശം	

2. പഴയ നിയമത്തിൽ ദൈവം പ്രവാചകന്മാരെ വിളിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ധാരാളമുണ്ട് (യശ. 6; ആമോസ് 3:1–8; 7:14–15). അപ്രകാരമുള്ള ഒരു ദൈവവിളി, നിയോഗമായാണ് ഈ ദർശനത്തെ കാണേണ്ടത്. വിളി സ്വീകരിച്ചവന് ദൈവം തന്റെ രഹസ്യങ്ങൾ/മർമ്മങ്ങൾ വെളിപ്പെടുത്തുന്നതും, പല ചോദ്യങ്ങൾക്ക്, യാചനകൾക്ക് ഉത്തരമരുളുന്നതുമാണ് മറ്റു ദർശനങ്ങൾ. ഇതാണ് ഈ ദർശനത്തെ മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാക്കുന്നത്. പൗലോസ് തന്നെ ഇതിനെ തന്റെ അപ്പൊസ്തോലത്വത്തിലേക്കുള്ള വിളിയായിട്ടാണ് മനസ്സിലാക്കുന്നത് (1 കൊരി. 9:1).

3. റൂട്ട് പ്ലെ കുട്ടികളെക്കൊണ്ട് ഭംഗിയായി അവതരിപ്പിക്കുവാൻ അദ്ധ്യാപകൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക.

   ഒന്നാമത്തെ വിവരണം (അദ്ധ്യായം 9) ചരിത്ര വിവരണമാണ്. നാടകീയമാക്കാൻ ശ്രമിക്കാം.

   രണ്ടാമത്തേത് (അദ്ധ്യായം 22) ജനത്തെ സംബോധന ചെയ്തുള്ള പ്രസംഗമാണ്. അവതരിപ്പിക്കാൻ അല്പംകൂടെ എളുപ്പമുണ്ടാകും.

   മൂന്നാമത്തെ രംഗം കോടതിയാണ് (അദ്ധ്യായം 26). നാടകീയതയും വാദപ്രതിവാദവും ന്യായാധിപ ഇടപെടലുമെല്ലാം ചേർത്ത് ഭംഗിയായി അവതരിപ്പിക്കാനാകും.

   വേദഭാഗത്തിന്റെ സന്ദേശം കുട്ടികളിലെത്തിക്കുക എന്നതാകണം ലക്ഷ്യം എന്ന് ഓർക്കുക.

4. ഫിലിപ്പ്യർ മൂന്നാം അദ്ധ്യായം പൗലോസിന്റെ ശ്രേഷ്ഠഗുണങ്ങൾ

   a) കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവൻ (വാ. 1).

   b) തനിക്ക് ലാഭമെന്ന് ഇതുവരെ കരുതിയിരുന്നതെല്ലാം ക്രിസ്തുനിമിത്തം ചേതം എന്ന് എണ്ണിയവൻ (വാ. 4–7).

   c) ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യമുള്ളവൻ (വാ. 12).

   d) ഇതുവരെ എന്ത്, എങ്ങിനെയെന്നത് മറന്നിട്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി മുന്നോട്ടു പോകുന്നവൻ (വാ. 14).

   e) തന്റെ പൗരത്വം സ്വർഗ്ഗത്തിലെന്ന് വിശ്വസിക്കുന്നവൻ (വാ. 20).

ഈ പാഠം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രാഥമിക സ്രോതസ്സായി സത്യവേദപുസ്തകം തന്നെ ഉപയോഗിക്കുക. പാഠത്തിന്റെ തലക്കെട്ടിനോടു ചേർത്ത് കൊടുത്തിട്ടുള്ള വേദഭാഗങ്ങൾ (അപ്പൊസ്തല പ്രവൃത്തികൾ 9:1–19; 22:4–16; 26:9–18; ഗലാത്യ 1:11–17) പല പ്രാവശ്യം വായിക്കണം. ഏതാനും വ്യാഖ്യാനഗ്രന്ഥങ്ങൾ ഈ വേദഭാഗത്തെക്കുറിച്ച് പറയുന്നത് വായനയ്ക്കുള്ള രണ്ടാമത്തെ സ്രോതസ്സുകളായി കാണാം. 'എപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നവനാണ് നല്ല അദ്ധ്യാപകൻ' എന്ന ആപ്തവാക്യം എപ്പോഴും ചിന്തയിൽ ഉണ്ടായിരിക്കട്ടെ. ●

ഒ.എസ്.എസ്.എ.ഇ. പ്രതിഭാസംഗമം 2019

2018ലെ മത്സര പരീക്ഷകളിലും വേദപ്രവീൺ ഡിപ്ലോമാ പരീക്ഷയിലും വേദപഠന സർട്ടിഫിക്കേറ്റ് പരീക്ഷയിലും A+ നേടിയ വിദ്യാർത്ഥികൾക്കും, സഹപാഠ്യ മത്സരങ്ങളിലെ അവസാനഘട്ടമായ പ്രതിഭാമത്സരങ്ങളിലും വിജയികളായവർക്കുള്ള അനുമോദനവും സമ്മാനവിതരണവും 2019 ആഗസ്റ്റ് 10–ാം തീയതി ഏലിയാ കത്തീഡ്രലിൽവച്ചു നടന്നു. ഒ.എസ്.എസ്.എ.ഇ. പ്രസിഡന്റ് അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം പരിശുദ്ധ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ ഡയറക്ടർ ജനറൽ റവ. ഫാ. ഡോ. വർഗീസ് വർഗീസ് സ്വാഗതം ആശംസിച്ചു. സൺഡേസ്കൂൾ വാഗ്മിതിലകം ആൽവിൻസ് കെ. വിത്സൺ പ്രസംഗിച്ചു. വേദവചന ഭൂഷൺ ജേതാക്കളായ ഇവൻസ് ചാക്കോ മാത്യു, ക്രിസ്റ്റിൻ വർഗീസ് എന്നിവർ വി. വേദപുസ്തകം വായിച്ചു. ഗാനസുഗന്ധി ഷാർലറ്റ് രാജി ശമുവേൽ ഗാനം ആലപിച്ചു. സൺഡേസ്കൂൾ പ്രവീൺ നെവിൻ അലക്സാണ്ടർ കൃതജ്ഞത പ്രകാശിപ്പിച്ചു. സൺഡേസ്കൂൾ വിജ്ഞാനിറിയ മറിയം സാബു കോംപയർ ആയി സേവനം അനുഷ്ഠിച്ചു

മാതൃകാ ലസ്സൺ പ്ലാൻ

ആലീസ് കെ. വി.

ക്ലാസ് 10 Period: 3
യൂണിറ്റ് – വി. കുർബ്ബാന ഒരു പഠനം
പാഠം – മാർ സേവേറിയോസിന്റെ മാനിസാ

പഠനോദ്ദേശ്യങ്ങൾ

- മാർ സേവേറിയോസിന്റെ മാനിസാ ഗീതത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുന്നതിന്.
- മാനിസാ ഒരു വിശ്വാസ പ്രഖ്യാപനം ആണെന്ന് മനസ്സിലാക്കുക.
- വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ പരിശുദ്ധ ത്രോണോസ്, ബഹു. വൈദികൻ, ശുശ്രൂഷകൻ... പ്രതീകാത്മകമായി മനസ്സിലാക്കുന്നു.
- ഈ അവസരത്തിൽ നടത്തുന്ന പ്രാർത്ഥനകളുടെ ഗീതങ്ങളുടെയും ക്രിസ്തുശാസ്ത്രപരമായ അർത്ഥം ഗ്രഹിക്കുന്നതിന്.
- മാർ സേവേറിയോസിന്റെ മാനിസായും വിശ്വാസപ്രമാണവും ഫിലിപ്യ ലേഖനം 2:5-11 വരെയുള്ള ഭാഗങ്ങളുടെയും താരതമ്യപഠനം.
- അന്ത്യോഖ്യയിലെ മാർ സേവേറിയോസ് – ഒരു ലഘുവിവരണം.
- കൽക്കദോന്യ സുന്നഹദോസ് – ഒരു പഠനം

മുന്നറിവ് പരിശോധന

വി. കുർബ്ബാനയിൽ കുട്ടികൾ പങ്കെടുക്കുകയും വി. കുർബ്ബാനാനുഭവം നടത്തുകയും ചെയ്യുന്നുണ്ട്. ആരാധനയിലെ ഗീതങ്ങൾ ആലപിക്കാനും പ്രതിവാക്യങ്ങൾ ചൊല്ലാനും അറിയാം.

പഠനസഹായികൾ

വി. കുർബ്ബാനക്രമം, പാമ്പാക്കുട നമസ്കാരക്രമം, വി. വേദപുസ്തകം, പാഠപുസ്തകം etc.

ആമുഖം

വി. കുർബ്ബാനയെ സംബന്ധിച്ച ലഘുചോദ്യങ്ങളിലൂടെ പാഠത്തിലേക്ക് പ്രവേശിക്കുന്ന സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വി. സഭ മുഴുവന്റെയും വിവേകമുള്ള വായും തൂണും മല്പാനും പുഷ്പങ്ങൾകൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും സംശയം കൂടാതെ മറിയാം ദൈവമാതാവ് എന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ നമ്മുടെ പിതാവായ ..... ഈ പ്രാർത്ഥന നിങ്ങൾ കേട്ടിട്ടുണ്ടോ? എപ്പോഴാണ് ഇത് ചൊല്ലുന്നത്? വി. കുർബ്ബാനയിൽ ഈ പ്രാർത്ഥനയ്ക്ക് പറയുന്ന പേരെന്താണ്? തുബ്ദേൻ. ലഘുചോദ്യോത്തരങ്ങളിലൂടെ തുബ്ദേൻ സംബന്ധിച്ച മുന്നറിവ് പരിശോധന നടത്തുന്നു. അഞ്ചാം തുബ്ദേനിൽ എത്ര പരിശുദ്ധ പിതാക്കന്മാരെ ഓർക്കുന്നു? ജീവന്റെ ബലി (കുർബ്ബാനക്രമം) അനുബന്ധം പരിചയപ്പെടുത്തുന്നു. അതിൽ ഓർക്കപ്പെടുന്ന മലങ്കരയിലെ പ്രഖ്യാപിത പരിശുദ്ധന്മാരെയും കുട്ടികൾ പരിചയപ്പെടുന്നു. അഞ്ചാം തുബ്ദേനിൽ നമ്മൾ പരിചയപ്പെട്ട പിതാക്കന്മാരിൽ ഒരാളാണ് പൗരസ്ത്യസഭയിലെ വലിയ പിതാവ് അന്ത്യോഖ്യയിലെ മാർ സേവേറിയോസ്. അദ്ദേഹത്തെക്കുറിച്ചും അദ്ദേഹം പരിശുദ്ധ സഭയ്ക്ക് നല്കിയിരിക്കുന്ന സംഭാവനകളെക്കുറിച്ചുമാണ് നാം ഈ പഠനത്തിലൂടെ പഠിക്കാൻ പോകുന്നത്.

ലേഖിക,
എം. ജി. എം. സൺഡേസ്കൂൾ
മീനടം ഈസ്റ്റ് അദ്ധ്യാപിക ആണ്.

പാഠാവതരണം

ആശയം	ബോധന/പഠന പ്രക്രിയ	പ്രതികരണം/ മൂല്യനിർണ്ണയം
മാർ സേവേറിയോസ് ജനനം ബാല്യം വിദ്യാഭ്യാസം	ഏഷ്യാമൈനറിലെ പിസിദ്യാ എന്ന പട്ടണത്തിലെ സോസോപ്പോലീസ് എന്ന നഗരത്തിൽ എ. ഡി. 465-നും 470-നും ഇടയിൽ (കൃത്യമായ വർഷം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല) വളരെ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിൽ ജനിച്ചു. അലക്സാന്ത്രായിൽനിന്ന് ഗ്രീക്ക് ഭാഷയും സംസ്കാരവും സ്വായത്തമാക്കി. പിന്നീട് ബെയ്റൂട്ടിൽനിന്ന് റോമൻ സാഹിത്യവും തത്ത്വജ്ഞാനവും കരസ്ഥമാക്കി. പിന്നീട് ബെയ്റൂട്ടിലെ കലാലയത്തിൽതന്നെ കുറെക്കാലം അധ്യാപകനായി സേവനം ചെയ്തു.	മാർ സേവേറിയോസ് ജീവിച്ചിരുന്ന കാലഘട്ടം ഏതാണ്?
മാർ സേവേറിയോസിന്റെ ജീവിതത്തിലുണ്ടായ വഴിത്തിരിവ്	വേദവാക്യം വി. മത്തായി 16:24 വേദഭാഗം ഒരു കുട്ടി വായിക്കുന്നു. ഈ വേദവാക്യത്തിൽ ആകൃഷ്ടനായ സേവേറിയോസ് യേശുക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ചു. OR ഈ വേദഭാഗം ഒരു നിമിത്തമായി മാറി യേശുക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കാൻ.	കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ആശയം പറയിപ്പിക്കുന്നു.
സന്ന്യാസവും ദയറാജീവിതവും	വളരെ ധനികനായിരുന്ന അദ്ദേഹം തന്റെ വസ്തുവകകൾ വിറ്റ് ദരിദ്രർക്ക് ദാനം ചെയ്തു. യെരുശലേമിലെ വി. സ്ഥലങ്ങൾ സന്ദർശിക്കുകയും സന്യാസം സ്വീകരിച്ച് ദയറാക്കാരോടും ചേർന്ന് ദയറാജീവിതം നയിച്ചുതുടങ്ങി. ജീവിതത്തിന്റെ മുഴുവൻ സമയവും വേദപഠനത്തിനും ഗ്രന്ഥപാരായണത്തിനുമായി ചെലവഴിച്ചു. ഏകാന്ത സന്ന്യാസ ജീവിതം നയിച്ച അദ്ദേഹം രചിച്ച ഒരു സ്തുതിപ്പാണ് മാർ സേവേറിയോസിന്റെ മാനിസാ. അതവിടെ നിൽക്കട്ടെ. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്ന സമയത്തേയ്ക്ക് നമുക്കൊന്ന് പോകാം. ധാരാളം കുസൃതി ചോദ്യങ്ങളും ഉത്തരങ്ങളും ഒക്കെ കണ്ടെത്തുന്ന കാലത്താണല്ലോ നാം ജീവിക്കുന്നത്.	മാർ സേവേറിയോസ് യേശുക്രിസ്തുവിനെ സ്വന്ത ജീവിതത്തിൽ പ്രാവർത്തികമാക്കിയത് എങ്ങനെ?

വി. കുർബ്ബാനാരംഭം	ടീച്ചർ ഒരു കുസൃതിചോദ്യം ചോദിക്കട്ടെ മറിയാം ദീലേത്തോക്ക് കർത്താവേ നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മോദീസാ മുക്കിയ യൂഹാനോനും ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമേ.... എന്ന് വി. കുർബ്ബാന ആരംഭിക്കുമ്പോൾ മദ്ബഹായിൽ പട്ടക്കാരൻ വിളിച്ചുപറയുന്നു.	വി. കുർബ്ബാനയിൽ പട്ടക്കാരൻ ഒരു തോക്ക് ഉപയോഗിക്കുന്നുണ്ട് എപ്പോൾ ആണെന്ന് പറയാമോ?
ദൃശ്യാവിഷ്കാരം	ഈ സമയം മദ്ബഹായിലെ ദൃശ്യം ഒരു ദൃശ്യാവിഷ്കാരം നടത്താമോ? അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ ആശയാവിഷ്കാരം നടത്തുന്നു. അംഗവസ്ത്രധാരിയായ പുരോഹിതൻ കൈയ്യിൽ പരിമള ധൂപത്തോടുകൂടിയ ധൂപക്കുറ്റി. മാലാഖമാരുടെ സാന്നിധ്യം വിളിച്ചറിയിക്കുന്ന മറുവഹ്സാ കിലുക്കിക്കൊണ്ട് മുമ്പിലും പിറകിലുമായി ശുശ്രൂഷകർ. ഏറ്റവും മുമ്പിൽ കത്തിച്ച മെഴുകുതിരിയും ആയി പ്രധാനശുശ്രൂഷകൻ വി. യോഹന്നാൻ മാംദാനായുടെ സ്ഥാനത്ത് കർത്താവിന്റെ വരവിനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നു. (കർത്താവിന്റെ മുന്നോടി) പള്ളിയിലെ വലിയമണി മുഴങ്ങുന്നു. കൈമണികൾ കിലുക്കുന്നു. ത്രോണോസിൽ എല്ലാ മെഴുകുതിരികളും കത്തി പ്രകാശപൂരിതമായി നിൽക്കുന്നു. ഈ സമയം പരിശുദ്ധ ത്രോണോസിനെ ബേദ്‌ലഹേമിലെ പുൽക്കൂടായി സഭാപിതാക്കന്മാർ ചിത്രീകരിക്കുന്ന ഈ സമയം ജനം ആലപിക്കുന്ന ഗീതം. ഈ ഗീതവും അതിന്റെ അർത്ഥവും ക്രിസ്തീയ വിശ്വാസികളായ നാം അറിഞ്ഞിരിക്കണം. കുർബ്ബാനക്രമം എടുക്കുക (ജീവന്റെ ബലി)	കുട്ടികളെക്കൊണ്ട് നിൻമാതാവ് വിശുദ്ധന്മാർ എന്ന ഗീതം ചൊല്ലിക്കുന്നു.
നിന്നെ പ്രസവിച്ച മറിയാമിന്റെയും..... നിന്റെ പരിശുദ്ധന്മാർ എല്ലാവരുടെയും പ്രാർത്ഥനയാൽ....	ഗദ്യം വിശദീകരിക്കുന്നു (ഈ പ്രാർത്ഥന എഴുതിയത് പാഠത്തിന്റെ ആദ്യഭാഗത്ത് നാം പഠിച്ച അഞ്ചാം തുബ്ദേനിൽ വിശേഷിപ്പിക്കുന്ന ഈ പ്രാർത്ഥനയ്ക്ക് ഒരു പ്രത്യേക പേരുണ്ട്.	പുസ്തകം നോക്കി ഗീതം ആലപിക്കുന്ന ഗദ്യരൂപത്തിലുള്ള ഭാഗം വായിക്കുന്നു. ആരെന്ന് കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്നു.

മാർ സേവേറിയോസിന്റെ മാനിസ	മാനിസാ സുറിയാനിപദം അർത്ഥം സ്തുതിപ്പ് കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്ന വി. കുർബ്ബാന ആരംഭിക്കുമ്പോൾ പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥന. അതിന്റെ പ്രതിവാക്യ മായി ജനങ്ങൾ ചൊല്ലുന്നഗീതം?	പാഠത്തിന്റെ തലക്കെട്ട് പരിശോധിപ്പിക്കുന്നു. നിൻമാതാവ് ....
	ഈ ഗീതത്തിനെയാണ് എന്ത് പറയുന്നത്?	മാർ സേവേറിയോസിന്റെ വാനിലെ സ്തുതിപ്പ്
ആദിമസഭയുടെ ആരാധനാരീതി	സ്തുതിപ്പുകൾ നിറഞ്ഞതായിരുന്നു.	എഫേസ്യലേഖനം 5:19-20 വാക്യങ്ങൾ വായിപ്പിക്കുന്നു.
താരതമ്യപഠനം	എ. ഡി. 465-538 കാലഘട്ടത്തിൽ ജീവിച്ചിരുന്ന സേവേറിയോസ് എഴുതിയ സ്തുതിപ്പ് എഫേസ്യലേഖനത്തിൽ പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറഞ്ഞ പ്രകാരമുള്ളതാണെന്ന് കണ്ടെത്തുന്നു. വീണ്ടും ലേഖനഭാഗം ഒരിക്കൽക്കൂടി വായിപ്പിച്ച് എപ്രകാരം കർത്താവിനെ സ്തോത്രം ചെയ്യുവാനാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത് എന്ന് കണ്ടെത്തുന്നു.	എഫേസ്യലേഖന കർത്താവ്? 1. സങ്കീർത്തനങ്ങളാൽ 2. സ്തുതിപ്പുകളാൽ 3. ആത്മീയഗീതങ്ങൾ
എഫേസ്യർ 5:19-20	മൂന്ന് വിധത്തിൽ എന്ന് മനസ്സിലാക്കുന്നു.	
	പൗലോസ് ശ്ലീഹാ പരാമർശിക്കുന്ന ഏതുവിഭാഗത്തിൽ നമ്മുടെ 'മാനിസ' ഉൾപ്പെടും. പേരിൽതന്നെ ഉത്തരം ഉണ്ടല്ലോ? 'മാനിസ'യുടെ അർത്ഥം ഓർമ്മിപ്പിക്കുന്നു.	സ്തുതിപ്പുകളിൽ
വിശ്വാസപ്രഖ്യാപനം	നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യം സംബന്ധിച്ച ഒരു വിശ്വാസപ്രഖ്യാപനം കൂടിയാണ് ഈ ഗീതം.	വി. കുർബ്ബാനക്രമത്തിലെ ഗദ്യഭാഗം കുട്ടികളെക്കൊണ്ട് ഉറക്കെ ചൊല്ലിക്കുന്നു.
	യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യമാണ് സഭയുടെ സത്യവിശ്വാസം എന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്നു. വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതുപോലെതന്നെ സഭയുടെ ഒരു വിശ്വാസപ്രഖ്യാപനമാണ് വി. കുർബ്ബാന ആരംഭിക്കുമ്പോൾ നാം ചൊല്ലുന്നത്. നമ്മുടെ കർത്താവിന്റെ ജനനം മുതൽ ഉയിർപ്പുവരെയുള്ള സംഗതികൾ ഈ ഗീതത്തിൽ ഉൾക്കൊള്ളുന്നു. മാർ സേവേറിയോസിന്റെ ക്രിസ്തു ശാസ്ത്രപരമായ അഗാധമായ പാണ്ഡിത്യവും സത്യവിശ്വാസ സംരക്ഷണവും ആണ് ഇവിടെ വെളിവാകുന്നത്.	എന്തുകൊണ്ടാണ് ഈ ഗീതത്തെ വിശ്വാസപ്രഖ്യാപനമാണെന്ന് വിശേഷിപ്പിക്കുന്നത്?

(തുടരും)

ബാലപംക്തി

ഫാ. റ്റി. പി. കുര്യൻ തളിയച്ചിറ

പ്രിയ ബാലകരേ,

ഒരിക്കൽ തൊടേണ്ടതിനു ചിലർ ശിശുക്കളെ യേശുതമ്പുരാന്റെ അടുക്കൽ താണ്ടുവന്നു. ശിഷ്യന്മാർ അവരെ ശാസിച്ചപ്പോൾ യേശു മുഷിഞ്ഞ് അവരോട്: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ (വി. മർക്കൊ. 10:14) എന്നു പറഞ്ഞു.

ജൂലൈ 15 മാർ കുറിയാക്കോസ് സഹദായുടെ ഓർമ്മദിനമായിരുന്നു. ശിശു സഹദേന്മാരുടെ പട്ടികയിൽ പ്രധാനിയായ ഈ ശിശുസഹദാ എ. ഡി. 302-ൽ തുർക്കി രാജ്യത്ത് ഇക്കോനിയ പട്ടണത്തിലുള്ള ഒരു കുലീന ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചത്. പിതാവ് റോമൻ സൈന്യാധിപനായിരുന്നു. മാതാവ് കുലീത്തി കുറിയാക്കോസിനെ ദൈവവിശ്വാസത്തിലും, ഭക്തിയിലും, സ്നേഹത്തിലും വളർത്തി. യോഹന്നാൻ സ്നാപകനെപ്പോലെ കുറിയാക്കോസും ദൈവാത്മ വിളിയുള്ളവനായി വളർന്നു.

നാലാം നൂറ്റാണ്ടിൽ (എ. ഡി. 304) ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ പീഡനകാലത്തു ഇക്കോനിയ പട്ടണത്തിലെ നാടുവാഴി അലക്സാന്ദ്രോസ് ആയിരുന്നു. ഭരണാധിപന്മാരുടെ ദേവന്മാരെ ആരാധിക്കുവാനുള്ള കല്പന നിരസിച്ചതിനാൽ മാതാവ് കുലീത്തിയോടൊപ്പം ബാലനായ കുറിയാക്കോസ് പലതരത്തിലുള്ള പീഡനങ്ങൾക്ക് വിധേയനായി. ഒടുവിൽ മാതാവ് കുലീത്തിയെ വാളുകൊണ്ട് വെട്ടിക്കൊല്ലുകയും ക്രൂദ്ധനായ നാടുവാഴി ബാലനെ എടുത്തു മാർബിൾത്തറയിലേക്കു വലിച്ചെറിയുകയും ചെയ്തു. തല പൊട്ടി രക്തം ചിതറി ആ വിശുദ്ധൻ മരിച്ചു. ജൂലൈ 15 മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് കുലീത്തിയുടെയും ഓർമ്മ ആചരിക്കുന്നു.

ബാലനായ ഈ പരിശുദ്ധന്റെ നാമത്തിൽ പല ദേവാലയങ്ങളും സ്ഥാപനങ്ങളുമുണ്ട്. തിരുശേഷിപ്പ് കുണ്ടറ സെമിനാരിയിൽ സ്ഥാപിച്ചിട്ടുണ്ട്. കുറിയാക്കോസ് എന്ന നാമം 'കുറിയോസ്' എന്ന ഗ്രീക്കു പദത്തിൽനിന്നും ഉണ്ടായതാണ്. കർത്താവിന്റെ വക എന്നർത്ഥം. നാമും 'കർത്താവിന്റെ വക' ആയിത്തീരുവാൻ മാർ കുറിയാക്കോസ് സഹദായുടെ പ്രാർത്ഥന സഹായിക്കട്ടെ. ആ സഹദായുടെ ഓർമ്മ നമുക്ക് കോട്ടയായിരിക്കട്ടെ.

സ്നേഹത്തോടെ,

കുര്യനച്ചൻ

ചിത്രം വരച്ചത് – ഫ്ളാഷ് ഗ്രിഗറി, പാറേൽ
സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്
സൺഡേസ്കൂൾ വിദ്യാർത്ഥി

സൺഡേസ്കൂൾ സ്മരണകൾ

ഓർമ്മച്ചെപ്പിലെ സൺഡേസ്കൂൾ ദിനങ്ങൾ

പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്

എന്റെ ഇടവക (ഞാലിയാകുഴി മാർ ഗ്രീഗോറിയോസ് ദേവാലയം) 1971-ലാണ് സ്വതന്ത്ര ഇടവകയായത്. 1957 മുതൽ വാകത്താനം വലിയപള്ളിയുടെ ഒരു ചാപ്പലായാണ് പ്രവർത്തിച്ചിരുന്നത്. വാകത്താനം ആശുപത്രി ജംഗ്ഷനിലുള്ള ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ (ഇന്നത്തെ മാർ ബസേലിയോസ് യു. പി. സ്കൂൾ) നടത്തിവന്നിരുന്ന യുണൈറ്റഡ് സൺഡേസ്കൂളിലായിരുന്ന ഞാലിയാകുഴി പ്രദേശത്തുള്ള കുട്ടികളുടെ ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള സൺഡേസ്കൂൾ പഠനം. വാകത്താനം വലിയപള്ളിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന നിരവധി സൺഡേസ്കൂളുകളിൽ ഒന്നായ യൂണൈറ്റഡ് സൺഡേസ്കൂളിലാണ് ഞാൻ അഞ്ചാം ക്ലാസ്സുവരെ പഠിച്ചത്.

വൈദികരുടെ മേൽനോട്ടവും ഇടവകയുടെ കൈത്താങ്ങലുമൊന്നും സൺഡേസ്കൂളുകൾക്ക് അക്കാലത്ത് അധികം ലഭിച്ചിരുന്നില്ല. അസാധാരണ വൈഭവമുള്ള, ഏറെ വിദ്യാഭ്യാസ യോഗ്യതകളുള്ള അദ്ധ്യാപകരും വിരളമായിരുന്നു. സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി ഏറെ കഠിനാദ്ധ്വാനം ചെയ്തുവന്നിരുന്ന ദിവംഗതനായ സി. എ. ഏബ്രഹാം സാർ (റിട്ട. ഹെഡ്മാസ്റ്റർ) അക്കാലത്ത് സൺഡേസ്കൂൾ ഇൻസ്പെക്ടറായി പ്രവർത്തിച്ചുവന്നിരുന്നതിനാൽ അദ്ദേഹത്തിന്റെ സാന്നിധ്യം അന്ന് യുണൈറ്റഡ് സൺഡേസ്കൂളിന് നഷ്ടപ്പെട്ടിരുന്നു. എന്നെക്കാൾ 5-6 വയസ്സു മാത്രം കൂടുതൽ ഉണ്ടായിരുന്ന ജോയിമോൻ സാർ (ജേക്കബ് സഖറിയ, പള്ളിക്കപ്പറമ്പിൽ, വിദ്യാർത്ഥി പ്രസ്ഥാനം മുൻ റീജണൽ സെക്രട്ടറി) എന്നെയും സഹോദരിയെയും നല്ല നല്ല പാട്ടുകൾ ആലപിക്കാൻ പരിശീലിപ്പിക്കുമായിരുന്നു. അതു മാത്രമേ അക്കാലത്തെപ്പറ്റി എടുത്തുപറയുവാൻ ഓർക്കുന്നുള്ളൂ.

ഞാലിയാകുഴി പള്ളി സ്വതന്ത്ര ഇടവക ആകുന്നതിന് 4-5 വർഷം മുമ്പുതന്നെ അവിടെയും ചെറിയ തോതിൽ സൺഡേസ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. എങ്കിലും യുണൈറ്റഡിൽ ചേർന്നു പഠിച്ചുവന്നിരുന്ന ഞങ്ങളൊക്കെ അവിടെത്തന്നെ തുടർന്നു. എന്നാൽ സ്വതന്ത്ര ഇടവക രൂപീകരണത്തെ തുടർന്ന് ഞാലിയാകുഴിയിലെയും പരിസരപ്രദേശങ്ങളിലെയും കുട്ടികളെ കൂട്ടി ചില അദ്ധ്യാപകർ യുണൈറ്റഡ് സൺഡേസ്കൂൾ വിട്ട് ഞാലിയാകുഴി മാർ ഗ്രീഗോറിയോസ് സൺഡേസ്കൂളിലേക്ക് ചേക്കേറി. അങ്ങനെ ഞാനും സഹോദരങ്ങളും ഞാലിയാകുഴി സൺഡേസ്കൂളിന്റെ ഭാഗമായി.

ഇവിടെ കാര്യങ്ങൾ ഏറെ മെച്ചമായിരുന്നു. സെമിനാരി വിദ്യാഭ്യാസം ലഭിച്ച ചെറുപ്പക്കാരായ വൈദികർ സൺഡേസ്കൂൾ കാര്യങ്ങൾ ഏറെ ശ്രദ്ധിച്ചിരുന്നു. പ്രഥമ വികാരിയായിരുന്ന ഫാ. സി. വി. കുറിയാക്കോസ് (ഇപ്പോൾ കോർ-എപ്പിസ്ക്കോപ്പാ, പൂനെ) ഞങ്ങളെയൊക്കെ പാട്ടുകളും ഈണങ്ങളും പഠിപ്പിച്ച് പള്ളിയിൽ നല്ലൊരു ഗായകസംഘം രൂപീകരിച്ചു. എന്നെ ഹാർമ്മോണിയം വായിക്കാൻ പഠിപ്പിക്കാനയച്ച് ക്വയർ ലീഡറായി ചുമതല നൽകിയത് അദ്ദേഹമാണ്. (ഹാർമ്മോണിയം മാറി പാശ്ചാത്യരീതിയിലുള്ള കീബോർഡും മറ്റും വന്നപ്പോൾ എന്റെ മകനും ഇടവകയിലെ മറ്റു കുട്ടികളുമൊക്കെയാണ് അവ കൈകാര്യം ചെയ്യുന്നത്. എങ്കിലും ഷഷ്ഠിപൂർത്തി കഴിഞ്ഞ ഞാൻ ഇന്നും ഗായകസംഘത്തിന്റെ നേതൃത്വം വഹിക്കുന്നു.) അടുത്ത വികാരിയായി

ലേഖകൻ കോട്ടയം ബസേലിയസ് കോളജിന്റെ പ്രിൻസിപ്പൽ പദവിയിൽനിന്ന് വിരമിച്ചശേഷം ഇപ്പോൾ ഏറ്റുമാനൂർ മംഗളം ആർട്ട്സ് & സയൻസ് കോളജിന്റെ പ്രിൻസിപ്പലായി പ്രവർത്തിച്ചുവരുന്നു. മലങ്കരസഭാ വർക്കിംഗ് കമ്മറ്റി അംഗമായ അദ്ദേഹം ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂളിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.

ഫാ. ജോർജ് ജോൺ (ഇപ്പോൾ അമേരിക്കയിലെ ഫ്ളോറിഡായിൽ സേവനമനുഷ്ഠിക്കുന്നു) എത്തിയതോടെ ഇടവകയും സൺഡേസ്കൂളുമെല്ലാം കുറെക്കൂടി ഊർജ്ജസ്വലമായി.

ഇവർ രണ്ടു വൈദികരുടെയും നേതൃത്വത്തിൽ ഞാലിയാകുഴി സൺഡേസ്കൂൾ ഡിസ്ട്രിക്ട്, ഭദ്രാസന, അഖില മലങ്കര തലങ്ങളിൽ മത്സരങ്ങളിലും മത്സരപ്പരീക്ഷകളിലും മെഡൽ കൊയ്ത്ത് ആരംഭിച്ചു (അത് ഇന്നും തുടരുന്നു എന്നത് ഏറെ സന്തോഷം പകരുന്നു). ഞാനും എന്റെ സഹോദരിയും സഹോദരനുമുൾപ്പെട്ട ടീം ഗ്രൂപ്പ് സോങ്ങിന് തുടരെ സമ്മാനങ്ങൾ നേടിയപ്പോൾ ഡയറക്ടർ ജനറലായിരുന്ന സി. വി. ജോർജ് കോർ-എപ്പിസ്ക്കോപ്പാ ഫലപ്രഖ്യാപനവേളയിൽ ചൊരിഞ്ഞിരുന്ന പ്രശംസാവചനങ്ങൾ ഇന്നും കാതുകളിൽ മുഴങ്ങുന്നുണ്ട്. പ്രസംഗം, പൊതുവിജ്ഞാനം, സംഗീതം, സമൂഹഗാനം, മത്സരപ്പരീക്ഷകൾ – ഇവയിലെല്ലാം ഞാലിയാകുഴി സൺഡേസ്കൂളിലെ കുട്ടികൾ ഓരോ വർഷവും ഏറെ സമ്മാനങ്ങൾ കരസ്ഥമാക്കിയിരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന അദ്ധ്യാപകർ ഏറെയാണ്. എങ്കിലും ഒരാളെ പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു – ശ്രീ. ഏബ്രഹാം മാത്യു (അനിയൻ, ചിറപ്പുറം). പൊതുവിജ്ഞാന പരീക്ഷയ്ക്കും വേദവാക്യ മത്സരത്തിനുമൊക്കെ കുട്ടികളെ തയ്യാറാക്കുന്നതിൽ ശാരീരിക അവശതകൾ മറന്ന് അദ്ദേഹം കാട്ടിയിരുന്ന ഉത്സാഹം മറക്കാനാവില്ല. അകാലത്തിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത് സൺഡേസ്കൂൾ പ്രസ്ഥാനത്തിനുതന്നെ ഒരു തീരാനഷ്ടമാണ്.

ഞാലിയാകുഴി സൺഡേസ്കൂളിൽ എന്നെ പഠിപ്പിച്ചവർ ഏറെയുണ്ട്. ഈയിടെ സെറാംപൂർ സർവ്വകലാശാല ഹോണററി ഡോക്ടറേറ്റ് നൽകി ആദരിച്ച പ്രൊഫ. കെ. എം. കുര്യാക്കോസ് 9-ാം ക്ലാസ്സിൽ കുറെക്കാലം ഞങ്ങളെ പഠിപ്പിച്ചിരുന്നു. എന്റെ അക്കാലത്തെ റോൾ മോഡൽ. അതേ ക്ലാസ്സിൽ ഞങ്ങളെ വളരെ ആസ്വാദ്യകരമായി പഠിപ്പിച്ചിരുന്ന ശ്രീ. കുരുവിള എം. ജോർജ് ആയിരുന്നു. അക്കാലത്ത് അദ്ദേഹം C. M. S. കോളജിൽ M.Sc.യ്ക്ക് പഠിക്കുകയായിരുന്നു. ഒരു കോളജ് അദ്ധ്യാപകനായിത്തീരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അക്കാലത്തെ സ്വപ്നം. അത് എന്റെയും ജീവിതാഭിലാഷമായി മാറി. ശ്രീ. കുരുവിള പക്ഷേ ഇൻകംടാക്സ് ഇൻസ്പെക്ടറായി കേന്ദ്ര ഗവൺമെന്റ് സർവ്വീസിലേക്കാണ് തിരിഞ്ഞത്. പടിപടിയായി ഉയർന്ന് അഡീഷണൽ ഇൻകം ടാക്സ് കമ്മീഷണറായാണ് അദ്ദേഹം ഉദ്യോഗത്തിൽനിന്ന് വിരമിച്ചത്. C. M. S. കോളജിൽ പരിശുദ്ധ കാതോലിക്കാബാവായുടെ സതീർത്ഥ്യനായിരുന്ന ശ്രീ. കുരുവിള എം. ജോർജിനെ 2012-17 കാലഘട്ടത്തിൽ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കഴിഞ്ഞാൽ സഭയിലെ ഏറ്റവും സുപ്രധാന സമിതിയായ വർക്കിംഗ് കമ്മിറ്റിയിലേക്ക് ബാവാ തിരുമേനി നിയമിക്കുകയുണ്ടായി. പിറ്റേ തവണത്തെ (2017-22) വർക്കിംഗ് കമ്മറ്റിയിലേക്ക് തികച്ചും അപ്രതീക്ഷിതമായി ഞാൻ നിയോഗിതനായപ്പോൾ ആദ്യം വിളിച്ച് ആശംസകൾ നേർന്നതും ഉപദേശങ്ങൾ നൽകിയതും പ്രിയപ്പെട്ട കുരുവിള സാർ ആയിരുന്നു എന്നത് എന്നെ ഏറെ സന്തോഷിപ്പിച്ചിരുന്നു.

പ്രാഗത്ഭ്യത്തിൽ ഇവരുടെയൊന്നും അയലത്തു പോലും എത്താൻ കഴിയാത്ത രണ്ട് അദ്ധ്യാപകരാണ് എന്റെ സൺഡേസ്കൂൾ ജീവിതത്തിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. അവർ രണ്ടുപേർക്കുമൊപ്പമാണ് ഞാൻ യുണൈറ്റഡ് സൺഡേസ്കൂൾ വിട്ടിറങ്ങി ഞാലിയാകുഴിയിലേക്ക് ചേക്കേറിയത്. ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായിരുന്ന ഇ യു. ജേക്കബ് സാർ ആണ് ഇവരിൽ ഒരാൾ. മൂന്നു പതിറ്റാണ്ടോളം അദ്ദേഹം ഞങ്ങളുടെ സൺഡേസ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയി തുടർന്നു. ഞങ്ങളുടെയൊക്കെ വളർച്ചയിൽ ബൗദ്ധികമായി ഏറെയൊന്നും പകർന്നുതരാനായില്ലെങ്കിലും സൺഡേസ്കൂൾ പ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും കർമ്മകുശലതയും മറക്കാനാകില്ല. ശ്രീ. കെ. എം. തോമസ് (കുഞ്ഞുമോൻ) ആണ് എന്റെ ചെറുപ്പത്തിൽ താങ്ങും തണലുമായി നിന്ന, ഏറെ സ്വാധീനിച്ച സൺഡേസ്കൂൾ അദ്ധ്യാപകൻ. മദ്ബഹാ ശുശ്രൂഷകനും, യുവജനസമാജം യൂണിറ്റ് കാര്യദർശിയുമൊക്കെയായിരുന്ന അദ്ദേഹമാണ് എന്നെ സണ്ടേസ്കൂൾ മത്സരങ്ങൾക്കും യുവജനപ്രസ്ഥാനം ക്യാംപുകൾക്കുമൊക്കെ കൊണ്ടുപോയിരുന്നത്. കോട്ടയം പട്ടണത്തിലെത്തിയാൽ മാർക്കറ്റ് റോഡിലുള്ള ഇന്ത്യൻ കോഫി ഹൗസിൽപോയി വെജിറ്റബിൾ കട്‌ലറ്റും കാപ്പിയും വാങ്ങിത്തരും. പ്രായത്തിൽ അദ്ദേഹം 10-12 വയസ്സ് സീനിയർ ആയിരുന്നെങ്കിലും ഞങ്ങൾ സന്തതസഹചാരികൾ ആയി തുടർന്നു. പ്രൊഫ. കെ. എം. കുറിയാക്കോസിന്റെ സഹോദരനായ കെ. എം. തോമസ് സാർ ബഹറിനിലേക്ക് ഉദ്യോഗാർത്ഥം പോകുന്നതുവരെ എന്റെ കാവൽമാലാഖ ആയിരുന്നു.

പത്താംക്ലാസ്സിൽ സൺഡേസ്കൂളിൽ പഠിക്കാൻ എനിക്ക് അവസരം ഉണ്ടായില്ല. ഒമ്പതാം ക്ലാസ്സ് പഠനം പൂർത്തിയായപ്പോൾ എന്നെ പത്താം ക്ലാസ്സിലെ പരീക്ഷയ്ക്കാണ് ഇരുത്തിയത്. ഞാലിയാകുഴി സൺഡേസ്കൂളിലെ അദ്ധ്യാപകരുടെ ക്ഷാമം പരിഹരിക്കാൻ കണ്ടെത്തിയ ഒരു കുറുക്കുവഴി ആയിരുന്നു അത്. അങ്ങനെ 16–17 വയസ്സിൽ ഞാൻ നല്ല മാർക്കോടെ സൺഡേസ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി, അദ്ധ്യാപകനായി. ദൈവകൃപയാൽ ആ ദൗത്യം ഇന്നും തുടർന്നു പോരുന്നു. ഇടവക ജന്മം നൽകിയ 4 വൈദികരെ (ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. പോൾ പി. തോമസ്, ഫാ. മനു ഗീവർഗീസ് ജേക്കബ്, ഫാ. ജോബി അലക്സ്) സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കാൻ അവസരം ലഭിച്ചത് ദൈവാനുഗ്രഹമായി കരുതുന്നു. കോട്ടയം ബസേലിയസ് കോളജിലും പാമ്പാടി കെ. ജി. കോളജിലും അദ്ധ്യാപകനായും പ്രിൻസിപ്പലായും പ്രവർത്തിച്ച കാലയളവിൽ (1981–2015) 50–60 വൈദികരെ പഠിപ്പിക്കാൻ കഴിഞ്ഞതും ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹം തന്നെ.

ഞാലിയാകുഴി സൺഡേസ്കൂളിന് ആദ്യകാലത്ത് ആവശ്യത്തിന് ഫർണീച്ചർ ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിക്കാൻ ബഹു. ജോർജ് ജോൺ അച്ചൻ കണ്ടെത്തിയ ഫണ്ട് റെയ്സിംഗ് പ്രോഗ്രാം ആയിരുന്നു അവധിക്കാല ട്യൂഷൻ ക്ലാസ്സുകൾ. ഇടവകയിലെ കോളജ് വിദ്യാർത്ഥികളെ ഉപയോഗിച്ച് സ്കൂൾ കുട്ടികൾക്കും, SSLC, Pre-degree പരാജിതർക്കുമൊക്കെ ട്യൂഷൻ ക്ലാസ്സുകൾ ക്രമീകരിച്ച് അദ്ദേഹം സൺഡേസ്കൂളിന് ഫർണീച്ചർ ഫണ്ട് ഉണ്ടാക്കി. ആ യജ്ഞമാണ് എന്നെ ഒരു പക്ഷെ അദ്ധ്യാപനത്തിലേക്ക് വഴിനടത്തിയത്. പള്ളിമുറിയുടെ കതക് പകുതി തുറന്നിട്ട് എന്റെ ക്ലാസ്സുകൾ ശ്രദ്ധിച്ചുകേട്ട് അച്ചൻ ചൊരിഞ്ഞ പ്രശംസാവചനങ്ങൾ എനിക്ക് ഏറെ ഊർജ്ജം പകർന്നിരുന്നു.

സൺഡേസ്കൂളുകളുടെ ഇന്നത്തെ ദുരവസ്ഥ എന്നെ ഏറെ ദുഃഖിപ്പിക്കുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്, മാതാപിതാക്കളുടെ താല്പര്യരാഹിത്യം, സെക്കുലർ വിദ്യാഭ്യാസത്തിന് നൽകപ്പെടുന്ന അമിതമായ ഊന്നൽ, വിവര സാങ്കേതിക വിദ്യയിലും നവമാധ്യമങ്ങളിലുമുണ്ടാകുന്ന മുന്നേറ്റംമൂലം അപ്രസക്തമായിക്കൊണ്ടിരിക്കുന്ന മൂല്യബോധവും കാലഹരണപ്പെടുന്ന പാഠ്യപദ്ധതിയും... ഇവയൊക്കെ സൺഡേസ്കൂൾ അദ്ധ്യാപനത്തെ തീർച്ചയായും ബാധിക്കുന്നുണ്ട്. നാലു പതിറ്റാണ്ടുകൾക്കുമുമ്പ് സൺഡേസ്കൂൾ പ്രവർത്തനരംഗത്തുണ്ടായിരുന്ന നന്മയുടെ നുറുങ്ങുവെട്ടങ്ങൾക്ക് ഇന്ന് ഏറെ ശോഭ തോന്നുന്നത് എന്നിൽ ഉണരുന്ന ഗൃഹാതുരത്വം കൊണ്ടാവാം.

●

ഒ.വി.ബി.എസ്. 2020
പോസ്റ്റർ രചനാമത്സരം

2020ലെ ഒ.വി.ബി.എസ്. ചിന്താവിഷയം "ദൈവഹിതം തിരിച്ചറിയുവിൻ" എന്നുള്ളതാണല്ലോ. 1 തെസ. 5:18 ആസ്പദമാക്കിയാണ് വിഷയം തെരഞ്ഞെടുത്തിരിക്കുന്നത്. പാഠ്യപദ്ധതിയുടെ ഭാഗമാകുവാൻ കുട്ടികൾക്ക് അവസരമുണ്ട്. പോസ്റ്ററിന് ഉപയുക്തമായ ചിത്രം വരച്ച് കേന്ദ്രത്തിലേക്ക് അയച്ചുതരിക. ഒ.വി.ബി.എസ്. വിദ്യാർത്ഥിയാണ് എന്ന് തെളിയിച്ചുകൊണ്ട് വികാരിയുടെ സാക്ഷ്യപത്രവും ചിത്രത്തോടൊപ്പം ഉണ്ടായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 25 വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്രത്തിൽ ഒരു ശില്പശാല നടത്തുന്നതാണ്. നിങ്ങൾ വരയ്ക്കുന്ന ചിത്രത്തിന്റെ ഫോട്ടോ എടുത്ത് അയച്ചുതരികയോ സ്കാൻ ചെയ്ത് അയച്ചുതരികയോ ചെയ്താൽ മതിയാവുന്നതാണ്.

E-mail: malankaraovbs@gmail.com
Phone: 9447409452, 9446448215

കഥ

കനൽക്കട്ട

ജാൻസി മാത്യു, തൈക്കടവിൽ

തോമസ് സാറിന്റെ ഭവനം ഒരു സാധാരണ ഇടനിലക്കാരന്റെ ഭവനം ആയിരുന്നു. ഭാര്യ മേരിയും മകൻ ജോർജിയും അടങ്ങുന്നതായിരുന്നു ആ ഭവനം. തോമസ് സാർ ഒരു ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു.

നാട്ടിൻപുറത്തെ ഒന്നര ഏക്കർ സ്ഥലവും സാധാരണ കൊള്ളാമായിരുന്ന വീടും. മകനെ നല്ല നിലയിൽ പഠിപ്പിക്കണമെന്ന നിർബന്ധം തോമസ് സാറിനുണ്ടായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസവും ഹയർസെക്കണ്ടറി വിദ്യാഭ്യാസവും കഴിഞ്ഞ ജോർജിയെ ഉന്നതവിദ്യാഭ്യാസത്തിനായി ഒരു എൻജിനീയറിംഗ് കോളജിൽ ചേർത്തു. തന്റെ വരുമാനംകൊണ്ട് മകന്റെ വിദ്യാഭ്യാസവും വീട്ടിലെ ചെലവും താങ്ങാനാവാതെ വന്നു.

കഷ്ടപ്പാട് നിറഞ്ഞ ജീവിതം. അദ്ധ്വാനംകൊണ്ട് തളർന്നുപോയ ദിനങ്ങൾ. എല്ലാം മകനുവേണ്ടി. അവന്റെ ഉയർന്ന വിദ്യാഭ്യാസം, നല്ല ജോലി എല്ലാം സ്വപ്നം കണ്ടു. അവൻ ഒരു കരപിടിച്ചാൽ കുടുംബം രക്ഷപ്പെടും. നാളുകൾ അങ്ങനെ കടന്നുപോയി. എന്നാൽ കണക്കുകൂട്ടലുകളൊക്കെ തെറ്റി. പ്രണയത്തിന്റെ ചിത്രശലഭങ്ങൾ പാറിപ്പറക്കുന്ന കോളജ് കാമ്പസ്സിൽ ജോർജിയുടെ ജീവിതത്തിലേക്ക് ഒരു പണക്കാരി പെൺകുട്ടി പ്രണയാഭ്യർത്ഥനയുമായി കടന്നുവന്നു. പഠനത്തിനു മിടുക്കനായ ജോർജിയെ കുബേരയായ ആനി തന്റെ ഭാവിവരനായി സ്വപ്നം കണ്ടു.

പഠനം പൂർത്തീകരിച്ചു. ജോർജിക്ക് സാമാന്യം ഭേദപ്പെട്ട ഒരു ജോലി കിട്ടി. ജോലി കിട്ടിക്കഴിഞ്ഞ ഉടനെ അവന്റെ വിവാഹം നടന്നു. മകന്റെ ഇഷ്ടങ്ങൾക്കൊന്നും എതിരു നിൽക്കാനാവാത്ത അപ്പന് പറയാൻ വന്നതൊക്കെ തൊണ്ടയിൽ കുടുങ്ങി. എന്നാൽ പണക്കാരിയായ ആനി അവനെ സിറ്റിയിലുള്ള ഒരു ഫ്ളാറ്റിലേക്കു മാറിതാമസിക്കുവാൻ പ്രേരിപ്പിച്ചു. ഇതിനിടെ ജോർജിയുടെ മാതാവ് കഠിനമായ ആസ്ത്മാ രോഗത്താൽ കഷ്ടപ്പെടുവാൻ തുടങ്ങി. എങ്കിലും ജോർജിയും ആനിയും അവരുടെ തീരുമാനം അനുസരിച്ച് ഫ്ളാറ്റിലേക്കു മാറിതാമസിച്ചു.

വീണ്ടും തോമസ് സാറിന് കഠിനാദ്ധ്വാനത്തിന്റെ വർഷങ്ങൾ. കൂട്ടിവച്ചതും, കടം വാങ്ങിയതും ചികിത്സയ്ക്ക് തികയാതെ വന്നപ്പോൾ തോമസ് സാറിന് 10 സെന്റ് സ്ഥലം വിൽക്കേണ്ടി വന്നു. സമ്പാദ്യമില്ലാതെ പോയതിനെക്കുറിച്ച് മകൻ കുറ്റപ്പെടുത്തി.

മകനേ നീയാണെന്റെ സമ്പാദ്യം. മക്കളെക്കാൾ വലിയ സമ്പാദ്യം മാതാപിതാക്കൾക്ക് വേറെ എന്തുണ്ട്? എന്നാൽ അധികം താമസിയാതെ തോമസ് സാറിന്റെ ഭാര്യ മേരി ആസ്ത്മാരോഗം മൂർച്ഛിച്ച് മരണപ്പെട്ടു. തോമസ് സാറിന്റെ മനസ്സിൽ ഒരു ഫിലിമിൽ എന്നപോലെ പഴയകാല സ്മരണകൾ കടന്നുവന്നു. താനും ഭാര്യയും ഒത്തുകഴിഞ്ഞിരുന്ന ദിനങ്ങൾ. അവൾ രോഗിയായപ്പോൾ പരസ്പരം ആശ്വസിപ്പിച്ചും ശുശ്രൂഷിച്ചും കടന്നുപോയ ആ രണ്ടുവർഷങ്ങൾ. അവളുടെ മരുന്നിനോ രുചികരമായ ആഹാരത്തിനോ കുറവുവരാതെ അത്യദ്ധ്വാനം ചെയ്ത ദിവസങ്ങൾ. അവളില്ലാത്ത കട്ടിലിൽ, പാതിശൂന്യമായ കട്ടിലിൽ മച്ചിൽനോക്കി വെറുതെ കിടന്നപ്പോൾ മുറിയിലെ അരണ്ട വെളിച്ചത്തിൽ മകൻ കടന്നുവരുന്നത് കണ്ടു.

എന്താ മോനേ; നിനക്കിന്നു സിറ്റിയിലേക്ക് പോകണമല്ലോ. അപ്പനെ ഒറ്റയ്ക്കാക്കിയിട്ട് എങ്ങനെ പോകും. ഓ സാരമില്ല. നീ പൊയ്ക്കോളൂ. അതല്ല പപ്പാ. ഈ വീടും സ്ഥലവും നമുക്ക് വിൽക്കാം. എന്നിട്ട് സിറ്റിയിലേക്ക് പോകാം. പപ്പ ഇനി ഇവിടെ ഒറ്റയ്ക്ക് കഴിയേണ്ട. അപ്പനും ഓർത്തു. എനിക്കും പ്രായമായി. ഒന്നോർത്താൽ അതാണ് നല്ലത്. സിറ്റിയിൽ മകന് വീടുണ്ട്. അവന്റെ കുടുംബത്തോടൊപ്പം പേരക്കുട്ടികളെ ലാളിച്ച് ശിഷ്ടകാലം കഴിയാം. അധികം ആലോചിക്കാതെ വീടും പുരയിടവും വിൽക്കാൻ സമ്മതം മൂളി. മകൻ കൊണ്ടുവന്ന പേപ്പറുകളെല്ലാം ഒപ്പി

ശ്രീമതി ജാൻസി മാത്യു
ദേവലോകം കാതോലിക്കേറ്റ്
സൺഡേസ്കൂൾ അദ്ധ്യാപികയാണ്.

ട്ടുകൊടുത്തു. വില്പനയും എല്ലാം പെട്ടെന്നായിരുന്നു.

വീടുവിട്ട് സിറ്റിയിലേക്കു പോകുന്നതിന്റെ തലേദിവസം രാത്രിയിൽ മകൻ വീണ്ടും അപ്പന്റെ മുറിയിലേക്ക് വന്നു. അല്പം ബുദ്ധിമുട്ടി അവൻ പറഞ്ഞു തുടങ്ങി. എന്റെ അടുത്ത സുഹൃത്തിന് വൃദ്ധസദനത്തിന്റെ നടത്തിപ്പുകാരുമായി നല്ല അടുപ്പമുണ്ടായിരുന്നു. പപ്പായ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. എല്ലാം അവർ നോക്കിക്കൊള്ളും. വളരെ ബുദ്ധിമുട്ടി അവൻ പറഞ്ഞ് അത് സാധിച്ചെടുത്തു.

തലയ്ക്കുള്ളിൽ ഒരു വെള്ളിടിവെട്ടിയതുപോലെ, നെഞ്ചിലേയ്ക്ക് ഒരു കനൽക്കട്ട വന്നിടിച്ചതുപോലെ, കാൽച്ചുവട്ടിലെ മണ്ണ് ഒന്നാകെ ഒലിച്ചുപോകുന്നതുപോലെ–

സിറ്റിയിൽ മകന്റെ വീട്ടിൽ അവന്റെ മക്കളെയും ലാളിച്ച്, അവരുടെ സ്നേഹവും സാമീപ്യവും അനുഭവിച്ച് അങ്ങനെ എന്തെല്ലാം സ്വപ്നങ്ങളായിരുന്നു. എല്ലാം ഒറ്റനിമിഷം കൊണ്ട് തകർന്നുവീണു. മകനെ നോക്കിയിരുന്നപ്പോൾ തന്റെ നോട്ടം നേരിടാനാവാതെ അവൻ പതിയെ എഴുന്നേറ്റുകൊണ്ട് പറഞ്ഞു: പപ്പാ ഉറങ്ങിക്കൊള്ളൂ; രാവിലെ യാത്ര ചെയ്യേണ്ടതല്ലേ. എല്ലാത്തിന്റെയും പിന്നിൽ ആനിയുടെ ശക്തമായ കരങ്ങൾ പ്രവർത്തിച്ചു. ജോർജ്ജിക്ക് ധൈര്യവും ഊർജ്ജവും പകർന്നുകൊടുത്തു. എല്ലാം പ്ലാൻ അനുസരിച്ച് നടന്നു.

സിറ്റിയിലേക്കുള്ള യാത്രയിൽ കാർ വൃദ്ധസദനത്തിന്റെ പോർച്ചിൽ എത്തി. ഇറങ്ങിയപ്പോൾ അപ്പന് മകന്റെ ഒരു പ്രത്യേക സമ്മാനം. ഒരു കമ്പിളിപുതപ്പ്. കമ്പിളിപ്പുതപ്പ് മാറോടു ചേർത്തുപിടിച്ച് നിൽക്കുമ്പോൾ വൃദ്ധനെ നോക്കി മകനും ഭാര്യയും കൊച്ചുമക്കളും കൈവീശി, കാർ സ്റ്റാർട്ട് ചെയ്തു പതിയെ അകന്നുപോയി. നെഞ്ചിലെ നെരിപ്പോടുമായി തോമസ് സാർ വൃദ്ധസദനത്തിനുള്ളിലേക്ക് കയറിപ്പോയി. അപ്പോഴും ആ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു തന്റെ മക്കൾക്ക് ഒരു ദോഷവും വരുത്തരുതേ ദൈവമേ! എന്ന്. •

Crossword Puzzle 1 - People from Old Testament

-KVG



Across

3. He was swallowed by a giant fish
5. She was a queen who saved her people from wicked man Haman
7. He was known as a wise king
8. This prophet was taken upto heaven in a whirlwind
9. He was the first King of Israel

Down

1. He led his people out of slavery in Egypt
2. He won the battle for jericho by blowing horns
4. He was the father of Isaac
6. He was thrown in a lion's den but saved
7. She was the wife of Abraham

ഉത്തരങ്ങൾ **OSSAE Director General, Devalokam, Kottayam-686 004** എന്ന വിലാസത്തിലോ **thesundayschoolossae@gmail** എന്ന ഈമെയിലിലോ അയയ്ക്കുക

സൺഡേസ്കൂൾ വാർത്തകൾ

• സഹപാഠ്യമത്സരങ്ങൾ

ഡിസ്ട്രിക്റ്റിലെ സഹപാഠ്യമത്സരങ്ങൾ ഭംഗിയായി എല്ലാ ഡിസ്ട്രിക്റ്റുകളിലും നടന്നു. ഭദ്രാസനമത്സരങ്ങൾ ഒക്ടോബർ 12-നും സോൺതല മത്സരങ്ങൾ നവംബർ 9-ാം തീയതിയും നടക്കുന്നതാണ്. സോൺതല മത്സരങ്ങൾ നടക്കുന്ന സ്ഥലവും ചീഫ് സൂപ്രണ്ടുമാരെ സംബന്ധിച്ച വിവരങ്ങളും രണ്ടാം നമ്പർ സർക്കുലർ നോക്കി മനസ്സിലാക്കുക.

സമൂഹഗാനമത്സരത്തെക്കുറിച്ച് പലർക്കും ഉണ്ടായിരിക്കുന്ന സംശയം അസ്ഥാനത്താണ്. 2-ാം നമ്പർ സർക്കുലറിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. കൃംതാ പെരുന്നാളിന്റെ യാമപ്രാർത്ഥനകൾ, കൃംതാ ശുശ്രൂഷ, വി. കുർബ്ബാനയുടെ കൃംതായിലെ പ്രത്യേക ഗീതങ്ങൾ (വിസ്മയസഹിതം കബറു പൊളിഞ്ഞു ഉൾപ്പെടെ) - എന്നീ ഗീതങ്ങളാണ് അനുവദിച്ചിട്ടുള്ളത്. യാമപ്രാർത്ഥനകളിൽ സന്ധ്യാനമസ്കാരം മുതൽ രാത്രി മൂന്നാം കൗമാ വരെയുള്ള പാട്ടുകൾക്ക് ഫിക്സഡ് രാഗമാണുള്ളത്. ബാക്കി ഗീതങ്ങൾ ഉയിർപ്പുപെരുന്നാൾ ദിവസം ഒന്നാം നിറത്തിലാണ് പാടുന്നത്. ഇതു മനസ്സിലാക്കി 2-ാം നമ്പർ സർക്കുലറിൽ പറയുന്നതനുസരിച്ച്, ഉയിർപ്പ് പെരുന്നാൾ ദിവസം പാടുന്ന രീതിയിൽതന്നെ മത്സരത്തിൽ ഗീതങ്ങൾ ആലപിക്കുവാൻ ശ്രദ്ധിക്കുക.

• പ്രതിഭാമത്സരങ്ങൾ

ജനുവരി 11-ാം തീയതി ശനിയാഴ്ച 10 മണിക്ക് ദേവലോകം സൺഡേസ്കൂൾ ഓഫീസിൽവച്ച് പ്രതിഭാമത്സരങ്ങൾ നടക്കും. വേദവചനഭൂഷൺ തെരഞ്ഞെടുപ്പിനുവേണ്ടി അന്നേ ദിവസം പ്രത്യേകം പരീക്ഷ നടത്തുന്നതാണ് എന്ന വിവരം ശ്രദ്ധിക്കുമല്ലോ?

• സൺഡേസ്കൂൾ വാർഷികപ്പരീക്ഷ

1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ ഡിസംബർ 1-ാം തീയതി 11 മണിക്ക് എല്ലാ യൂണിറ്റുകളിലും നടത്തേണ്ടതാണ്. 10, 11, 12 ക്ലാസ്സുകളിലെ മോഡൽപരീക്ഷകൾക്ക് അതാതു ഭദ്രാസന ഡയറക്ടർമാരാണ് ചോദ്യപേപ്പർ നല്കുന്നത് എന്നത് യൂണിറ്റുകൾ ശ്രദ്ധിക്കുക.

10, 11, 12 ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷയും 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ മത്സരപ്പരീക്ഷയും ഡിസംബർ 28-ാം തീയതി ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ നിശ്ചയിക്കുന്ന സെന്ററുകളിൽവച്ച് നടക്കുന്നതാണ്.

ദ സൺഡേസ്കൂൾ

'ദ സൺഡേസ്കൂൾ' ത്രൈമാസികയുടെ വരിസംഖ്യയായ Rs. 60/- നൽകിയിട്ടുള്ളവരുടെ എണ്ണവും തുകയും കേന്ദ്രത്തിൽ എത്തിച്ചെങ്കിൽ മാത്രമേ ആവശ്യമായ കോപ്പികൾ ക്രമീകരിക്കുവാൻ സാധ്യമാകുകയുള്ളൂ എന്ന കാര്യം ഇൻസ്പെക്ടർമാരും ഡയറക്ടർമാരും ശ്രദ്ധിക്കുമല്ലോ. പണം അടച്ചിട്ടുള്ള യൂണിറ്റുകളിലേക്കു ആവശ്യമായ കോപ്പികൾ ലഭ്യമാക്കുന്നുണ്ട്.

സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ്, ഭദ്രാസനത്തിൽ നടക്കുന്ന പ്രത്യേക പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഇ-മെയിലിലോ, വാട്ട്സ്ആപ്ഗ്രൂപ്പിലോ അയച്ചുതന്നാൽ തെരഞ്ഞെടുക്കപ്പെടുന്നവ 'The Sunday School'ൽ പ്രസിദ്ധീകരിക്കുന്നതാണ്.

ആരാധനാപഠനം

ക്യംതാനമസ്കാരത്തിലെ സൂത്താറാ നമസ്കാരത്തിൽ നാം പാടുന്ന ഒരു ഗീതമാണ് ചുവടെ ചേർക്കുന്നത്.

പരിശുദ്ധന്മാർക്കായ് - കാക്ക-
പ്പെടുമുദ്യാനം-പൂകായ്‌വാനെന്നെ
വേലിക്കൊപ്പം നേർക്കുന്നേൻ
കടമോർത്തുണ്ടു ഭയം നാഥാ
നരകത്തീനെന്നെയേറ്റി
പാർപ്പിക്കുക നിൻ-ഹിതമൊത്താദിക്കിൽ

നാം ഈ ഗീതം പാടാറുണ്ടെങ്കിലും ഈ ഗീതത്തിൽ അടങ്ങിയിട്ടുള്ള അനുതാപത്തിന്റെ ആഴം നാം പലപ്പോഴും ചിന്തിക്കാറില്ല.

പരിശുദ്ധന്മാർക്കായ് സൂക്ഷിക്കപ്പെട്ടിട്ടുള്ള തോട്ടത്തിൽ പ്രവേശിക്കുന്നതിൽനിന്നും ഒരു വേലി പോലെ എന്നെ തടയുന്ന എന്റെ പാപങ്ങളെ ഓർത്ത് ഞാൻ ഭയപ്പെടുന്നു എന്നാണ് ആദ്യത്തെ നാലുവരികളുടെ അർത്ഥം.

ഈ ലോകത്തിൽ ഞാൻ ചെയ്തുപോയിട്ടുള്ള എന്റെ പാപങ്ങളെ ഓർത്തു ഭയപ്പെട്ടാണു ഞാൻ ജീവിക്കുന്നത്, കാരണം എന്റെ പാപങ്ങൾ അത്രയ്ക്ക് വലുതാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിൽനിന്നും ഒരു മതിൽപോലെ എന്റെ പാപങ്ങൾ എന്നെ തടയുന്നതായിട്ടാണ് നാം ഈ ഗീതത്തിൽ ധ്യാനിക്കുന്നത്.

ഈ ധ്യാനത്തോടെ ഗീതം പാടുന്ന വ്യക്തിക്ക് മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും കാണുവാനോ ശ്രദ്ധിക്കുവാനോ സാധ്യമല്ല. കാരണം എന്റെ പാപങ്ങളെ ഓർത്തുള്ള ഭയത്തോടെയാണ് ഞാൻ കഴിഞ്ഞുകൂടുന്നത്. ഈ അനുതാപഹൃദയം ഇല്ലാത്തതുകൊണ്ടാണ് നാം പലപ്പോഴും മറ്റുള്ളവരുടെ തെറ്റുകളിലേക്ക് വിരൽ ചൂണ്ടുന്നത്.

നാഥാ, ഞാൻ അർഹിക്കുന്ന നരകത്തിൽനിന്നും എന്നെ കരകയറ്റി നിന്റെ ഇഷ്ടം നടക്കുന്ന സ്ഥലത്ത് (ദൈവരാജ്യത്തിൽ) എന്നെ പാർപ്പിക്കണമേ എന്നുള്ള പ്രാർത്ഥനയാണ് അവസാനത്തെ രണ്ടുവരികളിൽ.

ഈ ഗീതത്തിന്റെ അടുത്ത ഭാഗം ചുവടെ ചേർക്കുന്നു.

രക്ഷകനേശു മഹാരാജാ
സ്തുതി ചെയ്യുന്നേൻ - അനുതാപക്കാർ മുൻ
നിൻ വാതിൽ തുറന്നീടുന്നു
എല്ലാ നന്മയുമേകും നിൻ
നന്തുനിയാവാനെന്നെ നിൻ
നൽവരമേകി സന്തോഷിപ്പിക്ക

പശ്ചാത്തപിക്കുന്നവരുടെ മുമ്പിൽ വാതിൽ തുറക്കുന്ന രക്ഷകനായ മശിഹാരാജാവേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. എല്ലാ നന്മയും നിന്നിൽനിന്നും പ്രാപിച്ച് നിന്റെ സംഗീതഉപകരണമാക്കി എന്നെ മാറ്റണമേ.

ഇതേ ഗീതങ്ങളുടെ മറ്റൊരു തർജിമയാണ് സ്ലീബാനമസ്കാരത്തിന്റെ സൂത്താറായിലുള്ള 'ഞാനഞ്ചുന്നെൻ പാപത്താൽ....' എന്നാരംഭിക്കുന്ന ഗീതം.

ആരാധനയിൽ സംബന്ധിക്കുമ്പോൾ, ശ്രദ്ധയോടെ ഗീതങ്ങൾ ആലപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

CT